# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ
# വിജ്ഞാപനം

നം: 1/1/കെഇആർസി-2006/XI തീയതി, തിരുവനന്തപുരം, 2006 ഫെബ്രുവരി 23

## *2006 -ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (നിലവിലുള്ള വിതരണലൈസൻസികൾക്കുള്ള ലൈസൻസിന്റെ നിബന്ധനകൾ) റഗുലേഷനുകൾ

ആക്റ്റിലെ 14-ാംവകുപ്പിന്റെ പരിമിതിവ്യവസ്ഥകളിൽ പരാമർശിക്കുന്ന ഒരു ലൈസൻസിക്കോ ഒരു വിഭാഗം ലൈസൻസികൾക്കോ ഏതെങ്കിലും പൊതുവായതോ പ്രത്യേകമായതോ ആയ നിബന്ധനകൾ ബാധകമായിരിക്കുമെന്നും അങ്ങനെയുള്ള നിബന്ധനകൾ അപ്രകാരമുള്ള ലൈസൻസിന്റെ നിബന്ധനകളായി കരുതപ്പെടേണ്ടതാണെന്നും വിനിർദ്ദേശിക്കാൻ ആക്റ്റിലെ 16-ാംവകുപ്പ് കമ്മീഷനെ അധികാരപ്പെടുത്തുന്നു. ആക്റ്റിലെ 16-ാംവകുപ്പിന്റെ പരിമിതിവ്യവസ്ഥ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഇതിനാൽ താഴെപ്പറയുന്ന റഗുലേഷനുകൾ ഉണ്ടാക്കുന്നു, അതായത്:-

## അദ്ധ്യായം I
## സാമാന്യം

***1. ചുരുക്കപ്പേരും പ്രാരംഭവും.***- (1) ഈ റഗുലേഷനുകൾക്ക് 2006-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (നിലവിലുള്ള വിതരണലൈസൻസികൾക്കുള്ള ലൈസൻസിന്റെ നിബന്ധനകൾ) റഗുലേഷനുകൾ എന്ന് പേര് പറയാവുന്നതാണ്.

---

**23/02/2006 തീയതിയിലെ നം: 1/1 കെഇആർസി-2006/XI വിജ്ഞാപനപ്രകാരം 28/02/2006 തീയതിയിലെ കേരള അസാധാരണ ഗസറ്റ് നം. 471-ൽ താഴെപ്പറയുന്ന ഉദ്ദേശ്യ കാരണങ്ങൾ സഹിതം പ്രസിദ്ധപ്പെടുത്തി, അതായത്:-*

*ഉദ്ദേശ്യ കാരണങ്ങളുടെ വിവരണം*

*2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് 14-ാംവകുപ്പ്, സമുചിത കമ്മീഷൻ, ഏതൊരാളിനും ലൈസൻസിൽ വിനിർദ്ദേശിച്ചിരിക്കുന്ന ഏതുപ്രദേശത്തും വൈദ്യുതി പ്രസരണത്തിനും വിതരണത്തിനും വ്യാപാരം ഏറ്റെടുക്കുന്നതിനും ലൈസൻസ് നൽകുന്നതിന് വ്യവസ്ഥചെയ്യുന്നു. 14-ാംവകുപ്പിന്റെ ഒന്നാം പരിമിതിവ്യവസ്ഥ, നിശ്ചയിക്കപ്പെട്ട തീയതിയിലോ അതിനുമുമ്പോ റദ്ദാക്കപ്പെട്ട നിയമങ്ങളുടെയോ പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആക്റ്റിന്റെയോ കീഴിൽ വൈദ്യുതിയുടെ ട്രാൻസ്മിഷന്റെയോ സപ്ളൈയുടെയോ വ്യാപാരത്തിലേർപ്പെട്ടിരിക്കുന്ന ഏതൊരാളും റദ്ദാക്കപ്പെട്ട നിയമങ്ങൾ പ്രകാരം നൽകപ്പെട്ട ലൈസൻസിലോ അനുമതിയിലോ നിശ്ചയിച്ചിരിക്കാവുന്നപ്രകാരമുള്ള കാലയളവിലേക്ക് ആക്റ്റ് പ്രകാരമുള്ള ഒരു ലൈസൻസിയായി കരുതപ്പെടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, അങ്ങനെയുള്ള ലൈസൻസിയെ സംബന്ധിച്ച് അങ്ങനെയുള്ള റദ്ദാക്കപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ഒരു വർഷക്കാലയളവിലേക്കോ ലൈസൻസിയുടെ അപേക്ഷയിന്മേൽ കമ്മീഷൻ വിനിർദ്ദേശിച്ചേക്കാവുന്നപ്രകാരമുള്ള നേരത്തെയുള്ള കാലയളവുകളിലേക്കോ ബാധകമായിരിക്കുന്നതാണ്. സെൻട്രൽ ട്രാൻസ്മിഷൻ യുട്ടിലിറ്റി, സ്റ്റേറ്റ് ട്രാൻസ്മിഷൻ യുട്ടിലിറ്റി, കൂടാതെ 131-ാംവകുപ്പ് (2)-ാംഉപവകുപ്പിൽ പരാമർശിക്കുന്ന സർക്കാർകമ്പനി അല്ലെങ്കിൽ ഒരു കമ്പനി, പട്ടികയിൽ പറഞ്ഞിട്ടുള്ള ആക്റ്റിനനുസൃതമായി രൂപീകരിച്ച കമ്പനി അല്ലെങ്കിൽ കമ്പനികൾ എന്നിവ 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് പ്രകാരമുള്ള ഒരു ലൈസൻസിയായി കരുതപ്പെടേണ്ടതാണെന്നു കൂടി ഇതു വ്യവസ്ഥ ചെയ്യുന്നു.*

(2) ഇവ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(3) ഇവ കേരള സംസ്ഥാനത്ത് ബാധകമായിരിക്കുന്നതാണ്.

*2. നിർവചനങ്ങൾ.*- (1) ഈ റഗുലേഷനുകളിൽ,-

(എ)'ആക്റ്റ്' എന്നാൽ 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്) എന്നർത്ഥമാകുന്നു.

(ബി) 'കമ്മീഷൻ'എന്നാൽ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ എന്നർത്ഥമാകുന്നു.

(2) ഈ റഗുലേഷനുകളിൽ ഉള്ളതും ഇതിൽ നിർവചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവചിച്ചിട്ടുള്ളതുമായ വാക്കുകൾക്കോ പ്രയോഗങ്ങൾക്കോ ആക്റ്റ് പ്രകാരമുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

*3. ലൈസൻസിന്റെ നിബന്ധനകൾ.*-കേരള സംസ്ഥാനത്തു നിലവിലുള്ള വിതരണ ലൈസൻസികൾക്കു ബാധകമായ ലൈസൻസിന്റെ പൊതുവായതും പ്രത്യേകമായതും ആയ നിബന്ധനകൾ ഈ റഗുലേഷനുകൾക്ക് അനുബന്ധമായിട്ടുള്ള ഫാറം I-ൽ പ്രതിപാദിക്കുന്നപ്രകാരമായിരിക്കുന്നതാണ്.

*4. ലൈസൻസിന്റെ ഭേദഗതി.*-(1) കമ്മീഷന്, അതിന്റെ അഭിപ്രായത്തിൽ പൊതുതാത്പര്യം അപ്രകാരം അനുവദിക്കുന്നിടത്ത്, ലൈസൻസിയുടെ അപേക്ഷയിന്മേലോ മറ്റുവിധത്തിലോ ഫാറം I-ൽ കൊടുത്തിരിക്കുന്നപ്രകാരമുള്ള ലൈസൻസിന്റെ ഉപാധികളിലും നിബന്ധനകളിലും അപ്രകാരമുള്ള വ്യത്യാസപ്പെടുത്തലുകളും ഭേദഗതികളും വരുത്താവുന്നതാണ്; എന്നാൽ അങ്ങനെയുള്ള യാതൊരു വ്യത്യാസപ്പെടുത്തലോ ഭേദഗതിയോ ലൈസൻസിയുടെ സമ്മതമില്ലാതെ, കമ്മീഷന്റെ അഭിപ്രായത്തിൽ അങ്ങനെയുള്ള സമ്മതം ന്യായരഹിതമായി നൽകാതിരുന്നാലല്ലാതെ, വരുത്താൻ പാടില്ലാത്തതാണ്.

(2) ഒരു ലൈസൻസി അയാളുടെ ലൈസൻസിൽ ഏതെങ്കിലും വ്യത്യാസപ്പെടുത്തലോ രൂപഭേദപ്പെടുത്തലുകളോ നിർദ്ദേശിച്ചുകൊണ്ട് ആക്റ്റിലെ 18-ാംവകുപ്പു പ്രകാരം ഒരപേക്ഷ നൽകുന്നിടത്ത്, ലൈസൻസി, അങ്ങനെയുള്ള അപേക്ഷ നൽകുന്നതിന്റെ ഏഴു ദിവസത്തിനുള്ളിൽ, ഭേദഗതിചെയ്യണമെന്നാവശ്യപ്പെടുന്ന ലൈസൻസ് പ്രാബല്യത്തിലിരിക്കുന്ന പ്രദേശത്തു പ്രചാരത്തിലുള്ള രണ്ട് ഇംഗ്ളീഷ് ദിനപത്രത്തിലും രണ്ട് മലയാളം ദിനപത്രത്തിലും അങ്ങനെയുള്ള അപേക്ഷയെക്കുറിച്ച് താഴെപ്പറയുന്ന വിവരങ്ങൾ നൽകിക്കൊണ്ട് ഒരു നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതാണ്.

(എ) നിലവിലുള്ള ലൈസൻസിന്റെ വിശദാംശങ്ങൾ ചുരുക്കത്തിൽ;

(ബി) നിലവിലുള്ള ലൈസൻസിന്റെ നിർദ്ദിഷ്ടഭേദഗതികൾ, ഭേദഗതി ആവശ്യപ്പെടുന്നതിനുള്ള കാരണങ്ങൾ ചുരുക്കത്തിൽ എന്നിവ.

(3) മേൽപ്പറഞ്ഞപ്രകാരം നോട്ടീസ് പ്രസിദ്ധീകരിക്കുന്നതനുസരിച്ച് ഭേദഗതിക്കുള്ള ഒരപേക്ഷക്ക്, നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ലഭിക്കുന്ന എല്ലാ ആക്ഷേപങ്ങളും കമ്മീഷൻ പരിഗണിക്കേണ്ടതാണ്.

(4) ഒരു ലൈസൻസിനുള്ള ഭേദഗതി കമ്മീഷൻ സ്വമേധയാ നിർദ്ദേശിക്കുന്നിടത്ത് കമ്മീഷൻ അതുസംബന്ധിച്ച ഒരു നോട്ടീസ്, ഭേദഗതിചെയ്യാനുദ്ദേശിക്കുന്ന ലൈസൻസ് പ്രാബല്യത്തിലിരിക്കുന്ന പ്രദേശത്തു പ്രചാരത്തിലുള്ള രണ്ട് ഇംഗ്ളീഷ് ദിനപത്രത്തിലും രണ്ട് മലയാളം ദിനപത്രത്തിലും കമ്മീഷൻ ആവശ്യമെന്നു കരുതുന്നപ്രകാരമുള്ള വിവരങ്ങൾ നൽകിക്കൊണ്ട് പ്രസിദ്ധീകരിക്കേണ്ടതാണ്. നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിന്റെ 30 ദിവസത്തിനുള്ളിൽ ലഭിക്കുന്നപക്ഷം നിർദ്ദിഷ്ടഭേദഗതിക്കുള്ള എല്ലാ ആക്ഷേപങ്ങളും കമ്മീഷൻ പരിഗണിക്കേണ്ടതാണ്.

(5) ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ, പ്രായോഗികവും ആവശ്യവുമാകുന്നിടത്തോളം ലൈസൻസിന്റെ ഭേദഗതിക്കുള്ള അപേക്ഷയുടെ പരിഗണനക്കും തീർപ്പാക്കലിനും ബാധകമാകുന്നതാണ്.

(6) ഏതെങ്കിലും കന്റോൺമെന്റ് (പട്ടാളത്താവളം), വിമാനത്താവളം, കോട്ട, യുദ്ധോപകരണശാല, കപ്പൽനിർമ്മാണശാല എന്നിവയുടെയോ ക്യാമ്പിന്റെയോ രാജ്യരക്ഷാ ഉദ്ദേശ്യങ്ങൾക്കായി കേന്ദ്രസർക്കാരിന്റെ കൈവശത്തിലുള്ള ഏതെങ്കിലും കെട്ടിടത്തിന്റെയോ സ്ഥലത്തിന്റെയോ മുഴുവനും അല്ലെങ്കിൽ ഏതെങ്കിലും ഭാഗം ഉൾപ്പെടുന്ന സപ്ളൈപ്രദേശത്തിൽ വ്യത്യാസപ്പെടുത്തലുകളോ രൂപഭേദപ്പെടുത്തലുകളോ നിർദ്ദേശിക്കുന്ന ഒരപേക്ഷയുടെ സംഗതിയിൽ, കമ്മീഷൻ കേന്ദ്രസർക്കാരിന്റെ സമ്മതത്തോടുകൂടിയല്ലാതെ യാതൊരു വ്യത്യാസപ്പെടുത്തലോ രൂപഭേദപ്പെടുത്തലോ വരുത്താൻ പാടില്ലാത്തതാണ്.

***5. വൈഷമ്യങ്ങൾ നീക്കംചെയ്യാനുള്ള അധികാരം.***-ഈ റഗുലേഷനുകളിലെ ഏതെങ്കിലും വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം കമ്മീഷന്, ആ വൈഷമ്യങ്ങൾ നീക്കംചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ആക്റ്റിലെ വ്യവസ്ഥകൾക്കു വിരുദ്ധമല്ലാത്തതുമായ ഏതുകാര്യവും പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുവഴി ചെയ്യാവുന്നതാണ്.

## ഫാറം I

## ലൈസൻസിന്റെ നിബന്ധനകൾ

## ഭാഗം I

## നിർവചനങ്ങൾ

1. ***നിർവചനങ്ങൾ***–(1) ഈ ലൈസൻസിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,-

(എ) 'അക്കൗണ്ടിങ് സ്റ്റേറ്റ്മെന്റ്' എന്നാൽ ഓരോ സാമ്പത്തിക വർഷത്തേക്കുമുള്ള ഒരു ലാഭ-നഷ്ടക്കണക്ക്, ഒരു ബാലൻസ്ഷീറ്റ്, ഫണ്ടുകളുടെ ഉറവിടങ്ങളുടെയും വിനിയോഗങ്ങളുടെയും ഒരു സ്റ്റേറ്റ്മെന്റ് എന്നിവ അതിലേക്കുള്ള കുറിപ്പുകളും അതതു സമയം കമ്മീഷൻ നിർദ്ദേശിക്കാവുന്ന രീതിയിലുള്ള അത്തരം മറ്റു വിശദാംശങ്ങളും സഹിതം ഉൾക്കൊള്ളുന്നതും ഏതെങ്കിലും വരവ്, ചെലവ്, ആസ്തി, ബാദ്ധ്യത, റിസർവ് അല്ലെങ്കിൽ പ്രൊവിഷൻ എന്നിവയുടെ തുകകൾ, ഇവ ഒന്നുകിൽ:

(i) മറ്റേതെങ്കിലും ബിസിനസ്സിൽനിന്നും അല്ലെങ്കിൽ മറ്റേതെങ്കിലും ബിസിനസ്സിലേക്ക് ചാർജ്ചെയ്തത്, ആ ചാർജിന്റെ അടിസ്ഥാനത്തിനുള്ള വിവരണം സഹിതം; അല്ലെങ്കിൽ

(ii) ലൈസൻസിയുടെ വിതരണബിസിനസ്സും മറ്റേതെങ്കിലും ബിസിനസ്സും തമ്മിലുള്ള വീതംവയ്ക്കൽ അല്ലെങ്കിൽ വിഭജനംനടത്തൽ പ്രകാരം അല്ലെങ്കിൽ വീതംവയ്ക്കലിന്റെയോ വിഭജനംനടത്തലിന്റെയോ അടിസ്ഥാനത്തിനുള്ള ഒരു വിവരണത്തോടുകൂടിയ പ്രകാരം നിർണയിച്ചത്;

കാണിക്കുന്നതുമായ ലൈസൻസുള്ള ബിസിനസ്സിന്റെ സ്റ്റേറ്റ്മെന്റുകൾ എന്നർത്ഥമാകുന്നു;

(ബി) 'ആക്റ്റ്' എന്നാൽ 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് എന്നർത്ഥമാകുന്നു;

(സി) 'വാർഷിക കണക്കുകൾ' എന്നാൽ 1956-ലെ കമ്പനീസ് ആക്റ്റിലെ (1956-ലെ 1) കൂടാതെ /അല്ലെങ്കിൽ മറ്റു പ്രസക്ത ആക്റ്റുകളിലെ വ്യവസ്ഥകൾക്കനുസൃതമായി അല്ലെങ്കിൽ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി കമ്മീഷൻ നിർദ്ദേശിക്കാവുന്നപ്രകാരമുള്ള രീതിയിൽ തയ്യാറാക്കുന്ന വിതരണലൈസൻസിയുടെ കണക്കുകൾ എന്നർത്ഥമാകുന്നു;

(ഡി)'വിതരണപ്രദേശം' അല്ലെങ്കിൽ 'സപ്ളൈപ്രദേശം' എന്നാൽ ഏതെല്ലാം പ്രദേശത്തിനുള്ളിൽ വിതരണസംവിധാനം സ്ഥാപിക്കാനും പ്രവർത്തിപ്പിക്കാനും സംരക്ഷിച്ചുപോരാനും വൈദ്യുതി സപ്ളൈചെയ്യാനും വിതരണലൈസൻസിയെ അധികാരപ്പെടുത്തിയിട്ടുള്ളതായി വിതരണലൈസൻസിൽ പ്രസ്താവിച്ചിരിക്കുന്ന വിതരണ പ്രദേശം എന്നർത്ഥമാകുന്നു;

(ഇ) 'ആഡിറ്റർമാർ' എന്നാൽ വിതരണലൈസൻസിയുടെ, ഔദ്യോഗിക സ്ഥാനം വഹിക്കുന്ന ആഡിറ്റർമാർ എന്നർത്ഥമാകുന്നു;

(എഫ്)ഏതെങ്കിലും ആളുമായോ ബിസിനസ്സുമായോ പ്രവർത്തനവുമായോ ബന്ധപ്പെട്ട് 'അധികാരപ്പെടുത്തിയിട്ടുള്ള' എന്നാൽ ആക്റ്റിലെ 14-ാംവകുപ്പു പ്രകാരം നൽകപ്പെട്ടതോ ആക്റ്റിലെ 14-ാംവകുപ്പിന്റെ ഒന്നും രണ്ടും മൂന്നും അഞ്ചും പരിമിതി വ്യവസ്ഥകൾ പ്രകാരം നൽകപ്പെട്ടതായി കരുതപ്പെടേണ്ടതോ ആയ ലൈസൻസ് മുഖേന അല്ലെങ്കിൽ ആക്റ്റിലെ 13-ാംവകുപ്പും കമ്മീഷന്റെ റഗുലേഷനുകളും പ്രകാരം നൽകപ്പെട്ട ഒഴിവാക്കൽ മുഖേന അധികാരപ്പെടുത്തിയിട്ടുള്ള എന്നർത്ഥമാകുന്നു;

(ജി) 'കമ്മീഷൻ' എന്നാൽ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ എന്നർത്ഥമാകുന്നു;

(എച്ച്) 'ഉപഭോക്താവ്' എന്നാൽ 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റിൻ കീഴിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻകീഴിലോ പൊതുജനത്തിനു വൈദ്യുതി സപ്ളൈചെയ്യുന്ന ബിസിനസ്സിലേർപ്പെട്ടിരിക്കുന്ന ഒരു ലൈസൻസിയാലോ സർക്കാരിനാലോ മറ്റേതെങ്കിലും ആളിനാലോ തന്റെ സ്വന്തം ഉപയോഗത്തിനായി വൈദ്യുതി സപ്ളൈചെയ്യപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും അതിൽ അതതു സംഗതിപോലെ ഒരു ലൈസൻസിയുടെയോ സർക്കാരിന്റെയോ അങ്ങനെയുള്ള മറ്റൊരാളിന്റെയോ നിർമ്മാണങ്ങളുമായി വൈദ്യുതി സ്വീകരിക്കുന്നതിനായി തന്റെ പരിസരം തൽക്കാലത്തേക്ക് ബന്ധിപ്പിച്ചിരിക്കുന്ന ഏതൊരാളും ഉൾപ്പെടുന്നതുമാകുന്നു;

(ഐ) 'വിതരണബിസിനസ്' എന്നാൽ ലൈസൻസിയുടെ ഉടമസ്ഥതയിലുള്ളതും കൂടാതെ / അല്ലെങ്കിൽ പ്രവർത്തിപ്പിക്കുന്നതുമായ ഏതെങ്കിലും സംവിധാനം മുഖേനയുള്ള, സ്വന്തം ആവശ്യത്തിനുവേണ്ടിയായാലും മൂന്നാം കക്ഷിയുടേതിനു വേണ്ടിയായാലും, വിതരണത്തിനോ അതിന് അനുബന്ധമായോ ഉള്ള ലൈസൻസിയുടെ ഏതെങ്കിലും അധികാരപ്പെടുത്തിയിട്ടുള്ള ബിസിനസ് എന്നർത്ഥമാകുന്നു;

(ജെ) 'വിതരണലൈസൻസി'എന്നാൽ തന്റെ സപ്ളൈപ്രദേശത്ത് ഉപഭോക്താക്കൾക്ക് വൈദ്യുതി സപ്ളൈചെയ്യുന്നതിനായി ഒരു വിതരണസംവിധാനം പ്രവർത്തിപ്പിക്കാനും സംരക്ഷിച്ചുപോരാനും അധികാരപ്പെടുത്തിയിട്ടുള്ള ഒരു ലൈസൻസി എന്നർത്ഥമാകുന്നു;

(കെ)'വിതരണസംവിധാന പ്രവർത്തനമാനദണ്ഡങ്ങൾ'എന്നാൽ വിതരണ ലൈസൻസിയുടെ വിതരണസംവിധാനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കമ്മീഷൻ അംഗീകരിച്ചപ്രകാരമുള്ള മാനദണ്ഡങ്ങൾ എന്നർത്ഥമാകുന്നു;

(എൽ) 'വിതരണസംവിധാന ആസൂത്രണവും സുരക്ഷയും മാനദണ്ഡങ്ങൾ'എന്നാൽ ലൈസൻസിയുടെ വിതരണസംവിധാനത്തിനുവേണ്ടിയുള്ള അതിന്റെ ആസൂത്രണരീതികളുടെയും നടപടികളുടെയും പര്യാപ്തതയുമായി ബന്ധപ്പെട്ട് കമ്മീഷൻ അംഗീകരിച്ച മാനദണ്ഡങ്ങൾ എന്നർത്ഥമാകുന്നു;

(എം) 'ഫോർസ് മജൂർ'എന്നാൽ വൈദ്യുതിസുരക്ഷയുമായി ബന്ധപ്പെട്ട പ്രസക്തമായ നിയമങ്ങളുടെയോ റഗുലേഷനുകളുടെയോ ഒരു ലംഘനം ഉൾപ്പെടുന്ന ഏതെങ്കിലും പ്രവൃത്തിയിലേക്കു നയിക്കുന്ന ഭൂകമ്പങ്ങൾ, ചുഴലിക്കാറ്റുകൾ, വെള്ളപ്പൊക്കങ്ങൾ, കൊടുങ്കാറ്റുകൾ, പ്രതികൂല കാലാവസ്ഥകൾ, യുദ്ധം, തീവ്രവാദ ആക്രമണങ്ങൾ, ആഭ്യന്തരകലഹങ്ങൾ അല്ലെങ്കിൽ മറ്റു സമാനമായ സംഭവങ്ങൾ ഉൾപ്പെടെയും എന്നാൽ അവയിൽ പരിമിതപ്പെടുത്താതെയും ഉള്ള ലൈസൻസിയുടെ ന്യായമായ നിയന്ത്രണത്തിന് അതീതമായ സംഭവങ്ങൾ എന്നർത്ഥമാകുന്നു;

(എൻ) 'ഉത്പാദക കമ്പനി'എന്നാൽ ഒരു ഉത്പാദന നിലയം സ്വന്തമായുള്ളതോ പ്രവർത്തിപ്പിക്കുന്നതോ സംരക്ഷിച്ചുപോരുന്നതോ ആയ ഏതെങ്കിലും കമ്പനി അല്ലെങ്കിൽ ഏകാംഗീകൃത നികായം അല്ലെങ്കിൽ വ്യക്തികളുടെ സംഘടന അല്ലെങ്കിൽ നികായം, ഏകാംഗീകൃതമായാലും അല്ലെങ്കിലും, അല്ലെങ്കിൽ കൃത്രിമ നിയമസംബന്ധമായ ആൾ എന്നർത്ഥമാകുന്നു;

(ഒ) 'ഗ്രിഡ്കോഡ്'എന്നാൽ ആക്റ്റിലെ 79-ാംവകുപ്പ് (1)-ാംഉപവകുപ്പ് (എച്ച്) ഖണ്ഡപ്രകാരം കേന്ദ്ര കമ്മീഷൻ വിനിർദ്ദേശിക്കുന്ന ഗ്രിഡ്കോഡ് എന്നർത്ഥമാകുന്നതും ആക്റ്റിലെ 86-ാംവകുപ്പ് (1)-ാംഉപവകുപ്പ് (എച്ച്) ഖണ്ഡപ്രകാരം സംസ്ഥാന കമ്മീഷൻ വിനിർദ്ദേശിക്കുന്ന സംസ്ഥാന ഗ്രിഡ്കോഡ് ഉൾപ്പെടുന്നതുമാകുന്നു;

(പി) 'ഹോൾഡിങ് കമ്പനി' എന്നതിന് 1956-ലെ കമ്പനീസ് ആക്റ്റിലെ 4-ാം വകുപ്പു പ്രകാരമുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ക്യൂ) 'ലൈസൻസുള്ള ബിസിനസ്'എന്നാൽ വിതരണലൈസൻസ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള വൈദ്യുതിവിതരണത്തിന്റെയും സപ്ളൈയുടെയും ബിസിനസ് എന്നർത്ഥമാകുന്നു;

(ആർ) 'ലൈസൻസി'എന്നാൽ വിതരണലൈസൻസി എന്നർത്ഥമാകുന്നു;

(എസ്) 'ഗുരുതരമായ ആകസ്മികസംഭവം'എന്നാൽ സേവനത്തിനു കാര്യ മായ തടസ്സമോ ഉപകരണത്തിനു സാരമായ നാശനഷ്ടമോ ജീവനു ഹാനിയോ മനുഷ്യനു സാരമായ പരുക്കോ ഉണ്ടാക്കുന്നതോ കമ്മീഷൻ മറ്റുവിധത്തിൽ നിർദ്ദേശി ക്കുന്ന പ്രകാരമുള്ളതോ ആയ വൈദ്യുതിവിതരണവുമായി ബന്ധപ്പെട്ട ഒരു ആകസ്മിക സംഭവം എന്നർത്ഥമാകുന്നതും അതിൽ ഗുരുതരമായ ഒരു ആകസ്മികസംഭവമാണെന്ന് കമ്മീഷൻ വ്യക്തമായി പ്രഖ്യാപിക്കുന്നതായ മറ്റേതെങ്കിലും ആകസ്മികസംഭവവും ഉൾപ്പെടുന്നതുമാകുന്നു;

(റ്റി) 'പ്രവർത്തനപരമായ നിയന്ത്രണം'എന്നാൽ പ്രവർത്തിക്കാനും കൂടാതെ / അല്ലെങ്കിൽ പ്രവർത്തനപരമായ തീരുമാനങ്ങളെടുക്കാനും കൈവശം വയ്ക്കുന്ന അധികാരം എന്നർത്ഥമാകുന്നു;

(യു) 'മറ്റു ബിസിനസ്'എന്നാൽ വിതരണബിസിനസ്സിന് അത്യന്താപേക്ഷിത മല്ലാത്തതും എന്നാൽ അതിന്റെ ഭാഗമായതോ ബന്ധപ്പെട്ടതോ ന്യായമായി ആനുഷംഗിക മായതോ ആയ ഒരു ബിസിനസ് എന്നർത്ഥമാകുന്നു;

(വി) 'നിർവഹണനിലവാരങ്ങൾ'എന്നാൽ ആക്റ്റിലെ 57-ാം വകുപ്പിനനു സൃതമായി കമ്മീഷൻ വിനിർദ്ദേശിക്കാവുന്നപ്രകാരമുള്ള നിലവാരങ്ങൾ എന്നർത്ഥമാ കുന്നു;

(ഡബ്ള്യൂ) 'പ്രത്യേക നിബന്ധനകൾ'എന്നാൽ പൊതുനിബന്ധനകൾക്കു പുറമെയോ വ്യത്യസ്തമായോ കമ്മീഷൻ ഒരു വിതരണലൈസൻസിക്കുവേണ്ടി പ്രത്യേക മായി വ്യവസ്ഥചെയ്യാവുന്ന നിബന്ധനകൾ എന്നർത്ഥമാകുന്നു;

(എക്സ്) 'സംസ്ഥാനം'എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(വൈ) 'സംസ്ഥാനസർക്കാർ'എന്നാൽ കേരള സർക്കാർ എന്നർത്ഥമാ കുന്നു;

(ഇസഡ്) 'സബ്സിഡിയറി' എന്നതിന് 1956-ലെ കമ്പനീസ് ആക്റ്റിലെ (1956 -ലെ 1) 4-ാം വകുപ്പു പ്രകാരമുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(എഎ) 'വ്യാപാര ലൈസൻസി' എന്നാൽ ആക്റ്റിലെ 14-ാംവകുപ്പു പ്രകാരം വ്യാപാര ലൈസൻസുള്ള ഒരു വൈദ്യുതിവ്യാപാരി എന്നർത്ഥമാകുന്നു;

(ബിബി) 'കൈമാറ്റം' എന്നതിൽ വിൽപ്പന, വിനിമയം, ഇഷ്ടദാനം, പാട്ടം, ലൈസൻസ്, വായ്പ, സെക്യൂരറ്റൈസേഷൻ, മോർട്ട്ഗേജ്, ചാർജ്, പണയംവയ്ക്കൽ അല്ലെങ്കിൽ മറ്റേതെങ്കിലും കടബാദ്ധ്യതയുടെ അനുമതി അല്ലെങ്കിൽ ഏതെങ്കിലും കടബാദ്ധ്യത നിലനിൽക്കാൻ മറ്റുവിധത്തിൽ അനുവദിക്കുന്നത് അല്ലെങ്കിൽ ഭൗതികമായ കൈവശാവകാശം പങ്കിടൽ അല്ലെങ്കിൽ മറ്റേതെങ്കിലും ക്രമീകരണം അല്ലെങ്കിൽ ഇടപാട് ഉൾപ്പെടുന്നതാകുന്നു;

(സിസി) 'സംവിധാനത്തിന്റെ ഉപയോഗം' എന്നാൽ വൈദ്യുതി കൊണ്ടുപോകുന്നതിനു അല്ലെങ്കിൽ വീലിംഗിനു (wheeling) വേണ്ടി വിതരണസംവിധാനത്തിന്റെ ഉപയോഗം എന്നർത്ഥമാകുന്നു;

(2) ഈ ലൈസൻസിൽ ഉള്ളതും ഇതിൽ നിർവചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവചിച്ചിട്ടുള്ളതുമായ വാക്കുകൾക്കോ പ്രയോഗങ്ങൾക്കോ ആക്റ്റ് പ്രകാരമുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

## ഭാഗം II

## പൊതുനിബന്ധനകൾ

2. ***നിയമങ്ങൾ, ചട്ടങ്ങൾ, റഗുലേഷനുകൾ എന്നിവ അനുസരിക്കൽ.***- (1) ആക്റ്റ്, ചട്ടങ്ങൾ, അതതു സമയം കമ്മീഷൻ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ, ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ, തത്സമയം പ്രാബല്യത്തിലുള്ള ബാധകമായ മറ്റെല്ലാ നിയമങ്ങളിലെയും വ്യവസ്ഥകൾ എന്നിവ വിതരണലൈസൻസി അനുസരിക്കേണ്ടതാണ്.

(2) നാഷണൽ ലോഡ് ഡെസ്പാച്ച് സെന്റർ, റീജിയണൽ ലോഡ് ഡെസ്പാച്ച് സെന്റർ, സ്റ്റേറ്റ് ലോഡ് ഡെസ്പാച്ച് സെന്റർ, മറ്റു സ്റ്റാറ്റ്യൂട്ടറി അധികാരസ്ഥാനങ്ങൾ എന്നിവ ആക്റ്റ് പ്രകാരമുള്ള അവയുടെ ചുമതലകൾ നിർവഹിക്കുന്നതിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളോ നിർദ്ദേശങ്ങളോ വിതരണലൈസൻസി അനുസരിക്കേണ്ടതാണ്.

(3) ലൈസൻസ് അനുവദിക്കുന്ന സമയത്തോ അല്ലാത്തപക്ഷം വ്യതിചലനത്തിനുള്ള കമ്മീഷന്റെ വ്യക്തമായ ഒരു അനുമതിവഴിയോ ഈ നിബന്ധനകളിൽ ഏതിലെങ്കിലുംനിന്നും വിതരണലൈസൻസിയെ ഒഴിവാക്കുന്നിടത്തൊഴികെ വിതരണ

ലൈസൻസി ഇതിൽ വിനിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്കനുസൃതമായി പ്രവർത്തിക്കേണ്ടതാണ്.

(4) ലൈസൻസി, അത് ഈ ലൈസൻസും 4-ാംഖണ്ഡപ്രകാരം അത് പാലിക്കേണ്ടതായ ഏതെങ്കിലും ഉത്തരവും അല്ലെങ്കിൽ കോഡും (നിയമസംഹിതയും) അല്ലെങ്കിൽ മാർഗനിർദ്ദേശവും പാലിക്കുന്നത് നിരീക്ഷിക്കേണ്ടതും ഈ ലൈസൻസോ ഏതെങ്കിലും ഉത്തരവോ കോഡോ മാർഗനിർദ്ദേശമോ സംബന്ധിച്ച് ലൈസൻസിയാലുള്ള ഒരു സാരവത്തായ ലംഘനം ലൈസൻസി അറിയുന്നുവെങ്കിൽ കഴിയുന്നത്ര വേഗത്തിൽ സാരവത്തായ ലംഘനം സംബന്ധിച്ച് ലൈസൻസി കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

*3.* ***ലൈസൻസിയുടെ കർത്തവ്യം.***- ലൈസൻസിക്ക്, അയാളുടെ സപ്ളൈപ്രദേശത്ത് വൈദ്യുതി സപ്ളൈചെയ്യുന്ന ആവശ്യത്തിലേക്കായി കാര്യക്ഷമതയുള്ളതും ഏകോപിപ്പിച്ചതും ചെലവുചുരുക്കുന്നതുമായ ഒരു വിതരണസംവിധാനം വികസിപ്പിക്കാനും സംരക്ഷിച്ചുപോരാനുമുള്ള കർത്തവ്യം ഉണ്ടായിരിക്കുന്നതാണ്.

*4.* ***ലൈസൻസിയുടെ ചുമതലകൾ.***-(1) ലൈസൻസിക്ക്, സപ്ളൈപ്രദേശത്തിനുള്ളിൽ വൈദ്യുതിസപ്ളൈ ആവശ്യപ്പെടുന്ന ഏതൊരാളിനും സാങ്കേതികസാദ്ധ്യതക്കും സപ്ളൈ ആവശ്യപ്പെടുന്ന ആൾ സപ്ളൈയുടെ ഉപാധികളും നിബന്ധനകളും നിറവേറ്റുന്നതിനും വിധേയമായി പവർ (power) സപ്ളൈചെയ്യാൻ ചുമതല ഉണ്ടായിരിക്കുന്നതാണ്.

(2) ലൈസൻസി, ബാധകമായ റഗുലേഷനുകൾക്ക് അല്ലെങ്കിൽ നിർദ്ദേശങ്ങൾക്ക് അല്ലെങ്കിൽ ഫോർസ് മജൂറിന് വിധേയമായി, അതിന്റെ ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള സപ്ളൈ നൽകാൻ എപ്പോഴും യത്നിക്കേണ്ടതാണ്.

(3) ലൈസൻസി, കമ്മീഷൻ വിനിർദ്ദേശിക്കുന്നപ്രകാരമുള്ള ഏതൊരാളിനും അതിന്റെ വിതരണസംവിധാനത്തിലേക്ക് വിവേചനരഹിതമായ തുറന്നപ്രവേശനം (open access) ക്രമീകരിക്കേണ്ടതാണ്. അങ്ങനെയുള്ള ഏതൊരാളും സമർപ്പിക്കുന്ന അപേക്ഷയിന്മേൽ ലഭ്യതയുടെ നിബന്ധനക്കു വിധേയമായി,

(എ) വിതരണസംവിധാനത്തിലേക്ക് ആ ആൾ നൽകുന്ന വൈദ്യുതി സ്വീകരിക്കുന്നതിന്;

(ബി) സമ്മതിച്ച ഉപാധികളും നിബന്ധനകളും പ്രകാരം നിർദ്ദേശിക്കപ്പെട്ട ഒരു എക്സിറ്റ്പോയിന്റിൽ വൈദ്യുതിയുടെ നഷ്ടം ക്രമീകരിച്ച പ്രകാരമുള്ള വൈദ്യുതി എത്തിച്ചുനൽകുന്നതിന്;

(സി) കമ്മീഷൻ വിനിർദ്ദേശിക്കുന്നപ്രകാരം സംവിധാനത്തിന്റെ ഉപയോഗത്തിനുള്ള ചാർജുകൾക്ക് /വീലിംഗ്ചാർജുകൾക്ക് (wheeling charges) കൂടാതെ/ അല്ലെങ്കിൽ ഒരു സർചാർജിന് പണംനൽകുന്നത് സ്വീകരിക്കുന്നതിന്

വിതരണസംവിധാനം ഉപയോഗിക്കുന്നതിനുവേണ്ടി ആ ആളുമായി ഒരു കരാറിലേർപ്പെടാൻ ലൈസൻസി നിർദ്ദേശംവയ്ക്കേണ്ടതാണ്:

എന്നാൽ, ആ ആവശ്യത്തിലേക്കായി ന്യായമെന്നു കമ്മീഷനു തോന്നുന്ന ഒരു കാലയളവിനുശേഷം, ഒരപേക്ഷയനുസരിച്ച് ഏതെങ്കിലും അപേക്ഷകനുമായി ഒരു കരാറിലേർപ്പെടാൻ ലൈസൻസി വീഴ്ചവരുത്തിയാൽ കമ്മീഷന് ഏതെങ്കിലും കക്ഷിയുടെ അപേക്ഷപ്രകാരം ലൈസൻസിയും ആ ആളും തമ്മിലുള്ള അത്തരം തർക്കവിഷയങ്ങൾ തീർപ്പാക്കാവുന്നതും കമ്മീഷൻ തീർപ്പാക്കിയപ്രകാരമുള്ള നിബന്ധനകളനുസരിച്ച് ലൈസൻസി ഉടൻ അങ്ങനെയുള്ള കരാറിലേർപ്പെടുകയും നടപ്പാക്കുകയും ചെയ്യുന്നതും അത് ലൈസൻസിയെ ബാദ്ധ്യസ്ഥനാക്കുന്നതുമാണ്.

(4) ആക്റ്റിനനുസൃതമായും കമ്മീഷൻ വിനിർദ്ദേശിക്കുന്ന പ്രകാരവുമുള്ള ചാർജുകൾ നൽകുന്നതിന്മേൽ, തുറന്നപ്രവേശനം പ്രയോജനപ്പെടുത്തുന്ന ഏതെങ്കിലും ഉപഭോക്താവിന്, അങ്ങനെയുള്ള ഉപഭോക്താവ് ആവശ്യപ്പെടുന്നപക്ഷം ലൈസൻസി, ഡിഫോൾട്ട് സപ്ളൈ സർവീസ് നിരസിക്കാൻ പാടില്ലാത്തതാണ്.

(5) വിതരണലൈസൻസി, ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി കമ്മീഷൻ പുറപ്പെടുവിക്കുന്ന നിർവഹണനിലവാരങ്ങളിലും മറ്റു മാർഗനിർദ്ദേശങ്ങളിലും വ്യവസ്ഥചെയ്യുന്ന പ്രകാരമുള്ള സുരക്ഷിതവും ചെലവുചുരുക്കുന്നതും ഗുണനിലവാരവുമുള്ള ഒരു വൈദ്യുതിസപ്ളൈ, വിതരണലൈസൻസിയുടെ വിതരണസംവിധാനവുമായി ബന്ധപ്പെടുത്തിയിട്ടുളള എല്ലാ ഉപഭോക്താക്കൾക്കും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ന്യായമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

(6) ലൈസൻസി,-

(എ) അത് സപ്ളൈ നൽകുന്ന പരിസരങ്ങളിൽ വൈദ്യുതി മോഷണം അല്ലെങ്കിൽ ചോർത്തൽ;

(ബി) അങ്ങനെയുള്ള പരിസരങ്ങൾക്ക് സപ്ളൈ നൽകിയിരിക്കുന്നത് ഏതൊരു വൈദ്യുതപ്ളാന്റ്, വൈദ്യുതലൈൻ അല്ലെങ്കിൽ മീറ്ററിങ് ഉപകരണം മുഖേനയാണോ അവയ്ക്കുള്ള നാശനഷ്ടം;

(സി) അങ്ങനെയുള്ള പരിസരങ്ങൾക്ക് സപ്ളൈ നൽകിയിരിക്കുന്നത് ഏതൊരു മീറ്ററിങ് ഉപകരണം മുഖേനയാണോ അവയിലുള്ള ഇടപെടൽ; എന്നിവ

കണ്ടെത്തുന്നതിനും തടയുന്നതിനും ന്യായമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

*5. **മുൻകൂർ അംഗീകാരമാവശ്യമുള്ള പ്രവൃത്തികൾ.***- (1) ലൈസൻസി, കമ്മീഷന്റെ ലിഖിതമായ മുൻകൂർ അംഗീകാരമില്ലാതെ താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്യാൻ പാടില്ലാത്തതാണ്.

(എ) മറ്റേതെങ്കിലും ലൈസൻസിയുടെ യൂട്ടിലിറ്റിയെ വാങ്ങലിലൂടെയോ ഏറ്റെടുക്കലിൽകൂടിയോ മറ്റുവിധത്തിലോ ആർജിക്കുന്നതിന് ഏതെങ്കിലും ഇടപാട് ഏറ്റെടുക്കുക;

(ബി) അയാളുടെ യൂട്ടിലിറ്റിയെ മറ്റ് ലൈസൻസിയുടെ യൂട്ടിലിറ്റിയുമായി ലയിപ്പിക്കുക;

(സി) ലൈസൻസ് തീറ്കൊടുക്കുക അല്ലെങ്കിൽ യൂട്ടിലിറ്റിയോ അതിന്റെ ഏതെങ്കിലും ഭാഗമോ വിൽപ്പനയോ പാട്ടമോ വിനിമയമോ വഴിയോ മറ്റുവിധത്തിലോ കൈമാറ്റം നടത്തുക;

(ഡി) സംസ്ഥാനത്തിനു പുറത്തോ സംസ്ഥാനത്തിനകത്തു മറ്റേതെങ്കിലും ലൈസൻസിക്കോ വൈദ്യുതിവിൽപ്പനക്കായി ഏതെങ്കിലും പ്രവൃത്തി ഏറ്റെടുക്കുക:

എന്നാൽ, (എ) ഖണ്ഡത്തിലോ (ബി) ഖണ്ഡത്തിലോ പരാമർശിക്കുന്ന യൂട്ടിലിറ്റി കേരളം അല്ലാത്ത ഒരു സംസ്ഥാനത്തു സ്ഥിതിചെയ്യുന്നപക്ഷം അംഗീകാരം ആവശ്യമില്ലാത്തതാണ്.

(2) 5(1)-ൻകീഴിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഇടപാടുമായി ബന്ധപ്പെടുന്ന ഏതെങ്കിലും കരാർ കമ്മീഷന്റെ മുൻകൂർ അംഗീകാരമില്ലാതെ നടത്തുന്നപക്ഷം അസാധുവായിരിക്കുന്നതാണ്.

(3) ലൈസൻസി, കമ്മീഷനിൽനിന്നും 5(1)-ൻകീഴിൽ അങ്ങനെയുള്ള അംഗീകാരം നേടുന്നതിനു മുമ്പ്, അതിന്റെ പ്രവർത്തന പ്രദേശത്ത് വൈദ്യുതി പ്രസരണംനടത്തുകയോ വിതരണംനടത്തുകയോ ചെയ്യുന്ന മറ്റുള്ള ഓരോ ലൈസൻസിക്കും ഒരു മാസത്തിൽ കുറയാത്ത നോട്ടീസ് നൽകേണ്ടതാണ്.

(4) അപ്രകാരം മുൻകൂർ അംഗീകാരം ആവശ്യമുള്ളിടത്ത്, ലൈസൻസി അതിനുവേണ്ടി പ്രസക്തമായ വസ്തുതകൾ വെളിപ്പെടുത്തിക്കൊണ്ട് കമ്മീഷനിൽ ഉചിതമായ

ഒരു അപേക്ഷ ഫയൽചെയ്യേണ്ടതാണ്. കമ്മീഷന്, അപേക്ഷ ഫയൽചെയ്യുന്നതിന്റെ 3 മാസത്തിനുള്ളിൽ, പുറപ്പെടുവിക്കുന്ന ഉത്തരവിന് ഉപോദ്ബലകമായി ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ, ഉചിതമെന്നു കരുതാവുന്നപ്രകാരമുള്ള ഉപാധികൾക്കും നിബന്ധനകൾക്കും അല്ലെങ്കിൽ രൂപഭേദപ്പെടുത്തലുകൾക്കും വിധേയമായി ക്രമീകരണം അംഗീകരിക്കുകയോ ആയത് നിരസിക്കുകയോ ചെയ്യാവുന്നതാണ്.

6. ***ലൈസൻസിയുടെ മറ്റു പ്രവർത്തനങ്ങൾ***.- (1) ലൈസൻസിക്ക് കമ്മീഷനെ മുൻകൂർ അറിയിച്ചുകൊണ്ട്, മറ്റേതെങ്കിലും ബിസിനസ്സിൽ, അപ്രകാരമുള്ള പ്രവർത്തനം, വിതരണസംവിധാനം ഉൾപ്പെടെയുള്ള ആസ്തികളുടെയും അടിസ്ഥാനസൗകര്യങ്ങളുടെയും ഏറ്റവുംമികച്ച വിനിയോഗപ്പെടുത്തലിൽ പരിണമിക്കാൻ സാധ്യതയുള്ളിടത്തോളം മാത്രവും ഇനിപ്പറയുന്ന നിബന്ധനകൾക്കു വിധേയമായും, ഏർപ്പെടാവുന്നതാണ്:

(എ) എന്നാൽ, ലൈസൻസി മുഖേനയുള്ള വിതരണ ബിസിനസ്സിനും അതിന്റെ നടത്തിപ്പിനും ഏതെങ്കിലും രീതിയിൽ ഭംഗംവരാതെയും കൂടാതെ / അല്ലെങ്കിൽ പ്രതികൂലമായി ബാധിക്കാതെയും ആയിരിക്കേണ്ടതാണ്;

(ബി) എന്നാൽ, അങ്ങനെയുള്ള ബിസിനസ്സിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ആനുപാതികപങ്ക്, കമ്മീഷൻ വിനിർദ്ദേശിച്ചേക്കാവുന്ന പ്രകാരം ലൈസൻസിയുടെ വീലിംഗ്ചാർജുകൾ (wheeling charges) കുറയ്ക്കുന്നതിന് വിനിയോഗിക്കേണ്ടതാണ്;

(സി) എന്നുമാത്രമല്ല, വിതരണബിസിനസ്, അങ്ങനെയുള്ള ബിസിനസ്സ് സ്ഥാപനത്തിന് ഏതെങ്കിലും വിധത്തിൽ സഹായധനം നൽകുകയോ അങ്ങനെയുള്ള ബിസിനസ്സിനെ സഹായിക്കാൻ അതിന്റെ വിതരണ ആസ്തികൾ ഏതെങ്കിലും വിധത്തിൽ കടബാദ്ധ്യതപ്പെടുത്തുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്താൻ അങ്ങനെയുള്ള ഒരോ ബിസിനസ്സിനുംവേണ്ടി ലൈസൻസി പ്രത്യേക കണക്കുകൾ സൂക്ഷിക്കേണ്ടതാണ്;

(ഡി) ലൈസൻസി എല്ലായ്പ്പോഴും ഇതുസംബന്ധിച്ച് കമ്മീഷൻ വിനിർദ്ദേശിച്ചേക്കാവുന്നപ്രകാരമുള്ള മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(2) ലൈസൻസി, ഏതെങ്കിലും വായ്പാകരാറിലേർപ്പെടുകയോ ഏതെങ്കിലും ആളിന്റെ ഏതെങ്കിലും ബാദ്ധ്യതക്കുവേണ്ടി ഏതെങ്കിലും ഗ്യാരന്റിനൽകുകയോ ചെയ്യുന്നതിനുമുമ്പ്, ആയത് സ്റ്റാറ്റ്യൂട്ടുകൾ അനുശാസിക്കുന്ന അനുവദനീയമായ പരിധി

കൾക്കപ്പുറത്തായിരിക്കുകയോ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം ഒരു അപവാദം, കൂടാതെ / അല്ലെങ്കിൽ ഒഴിവാക്കൽ ആയി വ്യാഖ്യാനിക്കുന്നതിനു കഴിയാതിരിക്കുകയോ ചെയ്യുന്നിടത്ത്, കമ്മീഷന്റെ അംഗീകാരം തേടേണ്ടതാണ്. ബിസിനസ്സിന്റെ സാധാരണഗതിയിൽ ജീവനക്കാരുടെ സേവനവ്യവസ്ഥകൾക്കനുസൃതമായി അവർക്കുള്ള വായ്പകളും സപ്ളെയർമാർക്കുള്ള അഡ്വാൻസുകളും അങ്ങനെയുള്ള അംഗീകാരം തേടുന്നതിനുള്ള ആവശ്യകതയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

(3) ലൈസൻസിക്ക് ആക്റ്റും ഈ ലൈസൻസും പ്രകാരം നടത്താനോ നിർവഹിക്കാനോ ലൈസൻസിയെ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ചുമതല നിർവഹിക്കാൻ ഏതെങ്കിലും ആളിനെ അധികാരപ്പെടുത്താവുന്നതാണ്. എന്നാൽ എല്ലായ്പ്പോഴും:

(എ) അങ്ങനെയുള്ള ഏതൊരാളും ലൈസൻസിയുടെ പൂർണമായ മേൽനോട്ടത്തിനും നിയന്ത്രണത്തിനും കീഴിലും ഈ ലൈസൻസിന്റെ ഉപാധികളിന്മേലും നിബന്ധനകളിന്മേലും പ്രവർത്തിക്കേണ്ടതാണ്; കൂടാതെ

(ബി) ലൈസൻസി, ഏതെങ്കിലും ചുമതലയേൽപ്പിക്കുന്നതിനു മുമ്പ് അങ്ങനെയുള്ള നടപടി കമ്മീഷനെ അറിയിക്കേണ്ടതാണ്;

(സി) ലൈസൻസിയും അങ്ങനെയുള്ള ആളിന്റെ എല്ലാ പ്രവൃത്തികൾക്കും ഉത്തരവാദിയായിരിക്കുന്നതാണ്.

7. ***വൈദ്യുതിസപ്ളൈയുടെ നിബന്ധനകൾ.***- (1) ലൈസൻസി, കമ്മീഷൻ ആവശ്യപ്പെടുന്ന പ്രകാരം ആക്റ്റുമായും 2005-ലെ കേരള ഇലക്ട്രിസിറ്റി സപ്ളൈ കോഡുമായും പൊരുത്തപ്പെടുന്ന ലൈസൻസിയുടെ പ്രവർത്തനരീതികളും കണക്ഷൻ നടപടിക്രമവും വിവരിക്കുന്ന കരട് 'സപ്ളൈയുടെ ഉപാധികളും നിബന്ധനകളും', അതോടൊപ്പം കരട് 'വൈദ്യുതി സപ്ളൈചെയ്യുന്നതിനുള്ള കരാറുകൾ', സംവിധാനങ്ങളുടെയും വൈദ്യുതി സപ്ളൈലൈനുകളുടെയും പ്രവർത്തനത്തിനും സംരക്ഷണത്തിനുമുള്ള മാന്വൽ എന്നിവയും കമ്മീഷന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കേണ്ടതാണ്.

(2) സപ്ളൈയുടെ ഉപാധികളും നിബന്ധനകളും, വൈദ്യുതി സപ്ളൈ ചെയ്യുന്നതിനുള്ള കരാറുകളും ഉപഭോക്താക്കൾക്കു യുക്തവും ന്യായമായതും ആയിരിക്കേണ്ടതും പ്രാബല്യത്തിലുള്ള ആക്റ്റിനും മറ്റു റഗുലേഷനുകൾക്കും കോഡുകൾക്കും അനുസൃതവുമായിരിക്കേണ്ടതുമാണ്.

(3) മുകളിൽപ്പറഞ്ഞ കരടുകൾ യുക്തിരഹിതവും അന്യായവുമാണെന്നു കാണുന്നുവെങ്കിൽ അംഗീകാരത്തിനുമുമ്പ് അവ ഭേദഗതിചെയ്യാൻ കമ്മീഷൻ ലൈസൻസിയോട് നിർദ്ദേശിക്കേണ്ടതാണ്. സപ്ളൈയുടെ ഉപാധികളും നിബന്ധനകളും അതോടൊപ്പം വൈദ്യുതി സപ്ളൈചെയ്യുന്നതിനുള്ള കരാറുകളും അംഗീകരിക്കുമ്പോൾ ലൈസൻസി, അംഗീകരിക്കപ്പെട്ട രേഖകൾ ഉപയോഗത്തിനുവേണ്ടി പരസ്യപ്പെടുത്തേണ്ട താണ്.

(4) ലൈസൻസി അതിന്റെ ഓഫീസിൽ എല്ലായ്പ്പോഴും അംഗീകരിച്ച പവർ സപ്ളൈനിബന്ധനകളുടെ ഇംഗ്ളീഷിലും മലയാളത്തിലുമുള്ള അച്ചടിച്ച പകർപ്പുകളുടെ മതിയായ എണ്ണം സൂക്ഷിക്കേണ്ടതും അതിന്റെ പകർപ്പാവശ്യപ്പെടുന്ന ഏതൊരാളിനും അസൽമുതലിനു നൽകേണ്ടതുമാണ്. പുതിയ ഉപഭോക്താക്കൾക്ക് അതിന്റെ പകർപ്പ് കരാറിനോടൊപ്പം വിലയ്ക്കു നൽകേണ്ടതാണ്.

**8. *ചില ഉപഭോക്താക്കൾക്കുള്ള സബ്സിഡികളുടെ വ്യവസ്ഥ.***- ആക്റ്റിലെ 65-ാം വകുപ്പനുസരിച്ച് സംസ്ഥാനസർക്കാർ നൽകുന്ന സബ്സിഡി ഒഴികെ, ലൈസൻസി കമ്മീഷന്റെ മുൻകൂർ അനുമതിയില്ലാതെ ഏതെങ്കിലും ആളിനോ ലൈസൻസിയുടെ മറ്റേതെങ്കിലും ബിസിനസ്സിനോ (കമ്മീഷൻ അധികാരപ്പെടുത്തിയിട്ടുള്ളതായാലും ഇല്ലെങ്കിലും) ഏതെങ്കിലും സബ്സിഡിയോ സബ്വെൻഷനോ നൽകുകയോ അല്ലെങ്കിൽ അവയിൽനിന്നും ഏതെങ്കിലും സബ്സിഡിയോ സബ്വെൻഷനോ സ്വീകരിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

**9. *കണക്കുകൾ.***- (1) കമ്മീഷൻ മറ്റുവിധത്തിൽ അനുവദിക്കാത്തപക്ഷം ഈ ലൈസൻസിന്റെ ആവശ്യങ്ങൾക്കായി വിതരണലൈസൻസിയുടെ സാമ്പത്തികവർഷം ഏപ്രിൽ ഒന്നു മുതൽ അടുത്ത മാർച്ച് മുപ്പത്തിഒന്നു വരെ ആയിരിക്കുന്നതാണ്.

(2) വിതരണലൈസൻസി, ലൈസൻസുള്ള ബിസിനസ്സും മറ്റേതെങ്കിലും ബിസിനസ്സും സംബന്ധിച്ച്,

(എ) അങ്ങനെയുള്ള ഓരോ ബിസിനസ്സ് സംബന്ധിച്ചും സൂക്ഷിക്കേണ്ടതാണെന്നാവശ്യപ്പെടുന്നപ്രകാരമുള്ള അക്കൗണ്ടിങ് റിക്കോർഡുകൾ സൂക്ഷിക്കേണ്ടതും അതുവഴി, ലൈസൻസുള്ള ബിസിനസ്സിന്റെ അല്ലെങ്കിൽ അതിലേക്കു ന്യായമായി കൽപ്പിക്കപ്പെടാവുന്നതായ വരവുകൾ, ചെലവുകൾ, ആസ്തികൾ, ബാദ്ധ്യതകൾ, റിസർവുകൾ, പ്രൊവിഷനുകൾ എന്നിവ വിതരണലൈസൻസി ഏർപ്പെട്ടേക്കാവുന്ന മറ്റു ബിസിനസ്സിന്റേതിൽനിന്നും വിതരണലൈസൻസിയുടെ ബുക്കുകളിൽ വെവ്വേറെ തിരിച്ചറിയാൻ കഴിയുന്നതുമാണ്;

(ബി) അങ്ങനെയുള്ള അക്കൗണ്ടിങ് റിക്കോർഡുകളിൽനിന്നും ഒരു സ്ഥിരമായ അടിസ്ഥാനത്തിൽ,

(i) അക്കൗണ്ടിങ് സ്റ്റേറ്റ്മെന്റുകൾ;

(ii) അതതു സമയം കമ്മീഷൻ നിർദ്ദേശിക്കാവുന്നപ്രകാരമുള്ള ഉപോദ്ബലകമായ രേഖകളും വിവരങ്ങളും സഹിതമുള്ള അർദ്ധവാർഷിക ലാഭ-നഷ്ടക്കണക്ക്, കാഷ്ഫ്ളോ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ;

(iii) തയ്യാറാക്കിയ അക്കൗണ്ടിങ് സ്റ്റേറ്റ്മെന്റുകൾ സംബന്ധിച്ച്, ആഡിറ്ററുടെ അഭിപ്രായത്തിൽ സ്റ്റേറ്റ്മെന്റുകൾ ശരിയായിട്ടാണോ തയ്യാറാക്കിയിരിക്കുന്നതെന്ന് പ്രസ്താവിക്കുന്നതും സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ടിരിക്കുന്ന അത്തരം ബിസിനസ്സിന്റെ അല്ലെങ്കിൽ അതിലേക്കു ന്യായമായി കൽപ്പിക്കപ്പെടാവുന്നതായ വരവുകൾ, ചെലവുകൾ, ആസ്തികൾ, ബാദ്ധ്യതകൾ, റിസർവുകൾ, പ്രൊവിഷനുകൾ എന്നിവയുടെ സത്യസന്ധവും നീതിയുക്തവുമായ ഒരു അവലോകനം നൽകുന്നതുമായ ഓരോ സാമ്പത്തികവർഷത്തേക്കുമുള്ള ഒരു ആഡിറ്ററുടെ റിപ്പോർട്ട്;

തയ്യാറാക്കുകയും കമ്മീഷനെ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

(3) വിതരണലൈസൻസി, കമ്മീഷനെ മുൻകൂർ അറിയിക്കാതെ, ഒരു സാമ്പത്തികവർഷംസംബന്ധിച്ച അക്കൗണ്ടിങ് സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വരവുകളുടെ അല്ലെങ്കിൽ ചെലവുകളുടെ ചാർജിന്റെയോ വീതംവയ്ക്കലിന്റെയോ നീക്കിവയ്ക്കലിന്റെയോ അടിസ്ഥാനം മുൻസാമ്പത്തികവർഷംസംബന്ധിച്ച് ബാധകമാക്കിയവയിൽനിന്നും സാധാരണയായി വ്യത്യാസപ്പെടുത്താൻ പാടില്ലാത്തതാണ്.

(4) ഒരു സാമ്പത്തികവർഷംസംബന്ധിച്ച അക്കൗണ്ടിങ് സ്റ്റേറ്റ്മെന്റുകളുമായി ബന്ധപ്പെട്ട്, വിതരണലൈസൻസി, ചാർജിന്റെയോ വീതംവയ്ക്കലിന്റെയോ നീക്കിവയ്ക്കലിന്റെയോ അടിസ്ഥാനം തൊട്ടുമുമ്പുള്ള സാമ്പത്തികവർഷം സ്വീകരിച്ചവയിൽ നിന്നും വ്യത്യാസപ്പെടുത്തിയിട്ടുള്ളിടത്ത്, കമ്മീഷൻ നിർദ്ദേശിക്കുന്നപക്ഷം, വിതരണ ലൈസൻസി, തൊട്ടുമുമ്പുള്ള സാമ്പത്തികവർഷംസംബന്ധിച്ച് ബാധകമാക്കിയിരുന്നവയുടെ അടിസ്ഥാനത്തിൽ അപ്രകാരമുള്ള അക്കൗണ്ടിങ് സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി കമ്മീഷനെ ഏൽപ്പിക്കേണ്ടതാണ്.

(5) അക്കൗണ്ടിങ് സ്റ്റേറ്റുമെന്റുകൾ, കമ്മീഷൻ മറ്റുവിധത്തിൽ നിർദ്ദേശി ക്കാത്തപക്ഷം,-

(എ) വിതരണലൈസൻസിയുടെ വാർഷിക കണക്കുകളോടൊപ്പം തയ്യാ റാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്;

(ബി) സ്വീകരിച്ച അക്കൗണ്ടിങ് നയങ്ങൾ പ്രസ്താവിക്കേണ്ടതാണ്;

(സി) പൊതുവായി അംഗീകരിക്കപ്പെട്ട ഇൻഡ്യൻ അക്കൗണ്ടിങ് മാനദ ണ്ഡങ്ങൾക്കനുസൃതമായി തയ്യാറാക്കേണ്ടതാണ്; കൂടാതെ

(ഡി) അതതു സമയം കമ്മീഷൻ വ്യവസ്ഥചെയ്യാവുന്നപ്രകാരമുള്ള രീതി യിൽ തയ്യാറാക്കേണ്ടതാണ്.

(6) ലൈസൻസുള്ള ബിസിനസ്സിന്റെ അല്ലെങ്കിൽ മറ്റു ബിസിനസ്സിന്റെ അല്ലെ ങ്കിൽ അതിലേക്കു ന്യായമായി കൽപ്പിക്കപ്പെടാവുന്നതായ ചെലവുകളോ ബാദ്ധ്യതകളോ സംബന്ധിച്ച പരാമർശങ്ങൾ, അങ്ങനെയുള്ള ബിസിനസ്സുമായി പ്രധാനമായും ബന്ധമി ല്ലാത്ത നികുതിചുമത്തലും മൂലധനബാദ്ധ്യതകളും അതിന്മേലുള്ള പലിശയും ഒഴിവാ ക്കപ്പെട്ടപ്രകാരമുള്ളതായി വ്യാഖ്യാനിക്കേണ്ടതാണ്.

(7) വിതരണലൈസൻസി, ഓരോ സാമ്പത്തികവർഷവുംസംബന്ധിച്ച് തയ്യാറാ ക്കുന്ന അക്കൗണ്ടിങ് സ്റ്റേറ്റ്മെന്റുകളും ഓരോ സാമ്പത്തികവർഷവുംസംബന്ധിച്ച ആഡി റ്ററുടെ റിപ്പോർട്ടും കമ്മീഷൻ നിർദ്ദേശിച്ചേക്കാവുന്നപ്രകാരമുള്ള രീതിയിൽ പ്രസിദ്ധീക രിക്കുന്നുവെന്നും അവ ആവശ്യപ്പെടുന്ന ഏതൊരാളിനും അവ പകർപ്പാക്കുന്നതിനുള്ള ന്യായമായ ചെലവിൽകവിയാത്ത ഒരു വിലയ്ക്ക് ലഭ്യമാക്കുന്നുവെന്നും ഉറപ്പാക്കേണ്ടതു മാണ്.

***10. സർചാർജിന്റെ വിനിയോഗം.-*** ലൈസൻസി, ആക്റ്റിലെ 39(2)(ഡി) (ii), 40 (സി) (ii) വകുപ്പുകളും 42(2)-ാംവകുപ്പിന്റെ രണ്ടാം പരിമിതിവ്യവസ്ഥയും പ്രകാരം ശേഖരി ക്കുന്ന സർചാർജിന് പ്രത്യേകം കണക്കുകൾ സൂക്ഷിക്കേണ്ടതും കമ്മീഷൻ വിനിർദ്ദേശി ക്കുന്ന രീതിയിൽ അതു വിനിയോഗിക്കേണ്ടതുമാണ്.

***11. അനാവശ്യമായ മുൻഗണനയ്ക്ക് നിരോധനം.-*** വിതരണലൈസൻസി, സപ്ളൈ പ്രദേശത്ത് വൈദ്യുതിവിതരണത്തിനും സപ്ളൈക്കും അല്ലെങ്കിൽ സേവനങ്ങൾ നൽകു ന്നതിനും ഏതൊരാളിനോടും അനാവശ്യമായ മുൻഗണന കാണിക്കാൻ പാടില്ലാത്തതാ ണ്:

എന്നാൽ, അനാവശ്യമായ മുൻഗണനയുടെയോ യുക്തിരഹിതമായ വിവേചന ത്തിന്റെയോ അർത്ഥംസംബന്ധിച്ച ഏതെങ്കിലും തർക്കവിഷയം കമ്മീഷൻ തീരുമാനി

ക്കേണ്ടതാണ്:

എന്നാൽ, ആക്റ്റിലെ 65-ാംവകുപ്പു പ്രകാരം സബ്സിഡി നൽകുന്നതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ ഏതെങ്കിലും ഉത്തരവോ സംസ്ഥാനസർക്കാരിന്റെ ഉത്തരവോ നടപ്പാക്കുന്നതിന്റെ ഫലമായി ഉപഭോക്താവിന്റെ ഏതെങ്കിലും വേർതിരിവ് ഉണ്ടാകുന്ന പക്ഷം വിതരണലൈസൻസി അങ്ങനെയുള്ള ഏതെങ്കിലും അനാവശ്യ മുൻഗണന കാണിച്ചതായി കരുതപ്പെടാൻ പാടില്ലാത്തതാണ്.

*12. **കമ്മീഷന് വിവരം നൽകൽ**.*- (1) വിതരണലൈസൻസി, അതതു സമയം കമ്മീഷൻ ആവശ്യപ്പെടാവുന്നപ്രകാരം, വിതരണലൈസൻസിയുടെ ലൈസൻസുള്ള ബിസിനസ്സുമായോ മറ്റേതെങ്കിലും ബിസിനസ്സുമായോ ബന്ധപ്പെട്ടപ്രകാരമുള്ള വിവരം, രേഖകൾ, വിശദാംശങ്ങൾ എന്നിവ കാലതാമസം കൂടാതെ കമ്മീഷന് നൽകേണ്ടതാണ്.

(2) ആക്റ്റിലെ 128-ാംവകുപ്പ് (3)-ാംഉപവകുപ്പുപ്രകാരം ആവശ്യപ്പെടുന്ന എല്ലാ ബുക്കുകളും രജിസ്റ്ററുകളും രേഖകളും വിതരണലൈസൻസി യഥാവിധി ലഭ്യമാക്കേണ്ടതാണ്.

(3) വിതരണലൈസൻസി, അതിന്റെ വിതരണസംവിധാനത്തിന്റെ ഏതെങ്കിലും ഭാഗത്തെ ബാധിക്കുന്ന ഏതെങ്കിലും ഗുരുതരമായ ആകസ്മികസംഭവം ഉണ്ടാകുന്നതു സംബന്ധിച്ച് കഴിയുന്നത്ര വേഗം കമ്മീഷനെ അറിയിക്കേണ്ടതും, എങ്ങനെയായാലും, അങ്ങനെ സംഭവിക്കുന്ന തീയതി മുതൽ രണ്ടാഴ്ചയ്ക്കകം,-

(എ) ആകസ്മികസംഭവവും അതിന്റെ കാരണവും സംബന്ധിച്ച് വിതരണലൈസൻസിയുടെ അറിവിലുള്ള വസ്തുതകളുടെ പൂർണമായ വിശദാംശങ്ങൾ നൽകുന്ന ഒരു റിപ്പോർട്ട് കമ്മീഷന് സമർപ്പിക്കേണ്ടതാണ്;

(ബി) (എ) ഖണ്ഡപ്രകാരമുള്ള റിപ്പോർട്ടിന് അങ്ങനെയുള്ള ആകസ്മികസംഭവത്തിന്റെ തീയതി മുതൽ രണ്ടാഴ്ചയിൽ കൂടുതലെടുക്കാൻ സാധ്യതയുള്ള സംഗതിയിൽ, വിതരണലൈസൻസി, അങ്ങനെയുള്ള ആകസ്മികസംഭവത്തിന്റെ തീയതി മുതൽ ഒരാഴ്ചയ്ക്കുള്ളിൽ വിതരണലൈസൻസിക്ക് ന്യായമായി നൽകാൻകഴിയുന്നപ്രകാരമുള്ള വിശദാംശങ്ങളോടുകൂടിയ ഒരു പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കേണ്ടതും അങ്ങനെയുള്ള ആകസ്മികസംഭവത്തിന്റെ പൂർണമായ റിപ്പോർട്ട് നൽകുന്നതിന് വിതരണലൈസൻസി എന്തുകൊണ്ട് രണ്ടാഴ്ചയിൽ കൂടുതൽ ആവശ്യപ്പെടുന്നുവെന്നതുസംബന്ധിച്ച കാരണങ്ങൾ ബോധിപ്പിക്കേണ്ടതുമാണ്; കൂടാതെ

(സി) ഗുരുതരമായ ആകസ്മികസംഭവവുമായി ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും കമ്മീഷൻ നിർദ്ദേശിച്ചേക്കാവുന്നപ്രകാരമുള്ള മറ്റാളുകൾക്കും റിപ്പോർട്ടിന്റെ പകർപ്പുകൾ നൽകേണ്ടതാണ്.

(4) കമ്മീഷന് സ്വവിവേകം ഉപയോഗിച്ച്, വിതരണലൈസൻസിയുടെ ചെലവിൽ കമ്മീഷനാൽ നിയമിക്കപ്പെടുന്ന സ്വതന്ത്രനായ ഒരാൾ മുഖേന തയ്യാറാക്കപ്പെടുന്ന ഗുരുതരമായ ആകസ്മികസംഭവത്തിന്മേലുള്ള ഒരു റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

(5) ഏതെങ്കിലും ഗുരുതരമായ ആകസ്മികസംഭവം ഉണ്ടാകുന്നത് ഒഴിവാക്കാൻ കമ്മീഷൻ അതതു സമയം നിർദ്ദേശിച്ചേക്കാവുന്നപ്രകാരമുള്ള പഠനങ്ങളും വിതരണലൈസൻസി ഏറ്റെടുക്കേണ്ടതാണ്.

(6) വിതരണലൈസൻസി, അനുവദിക്കപ്പെട്ട ലൈസൻസ് പ്രകാരമുള്ള ചുമതലകൾ നിർവഹിക്കുന്നതിൽനിന്നും അതിനെ നിയന്ത്രിക്കുന്ന ഏതെങ്കിലും ആകസ്മികസംഭവം സംബന്ധിച്ച്, മറ്റുള്ളവർമൂലമുള്ള ഏതെങ്കിലും കൃത്യവും അല്ലെങ്കിൽ കൃത്യവിലോപവും, അങ്ങനെയുള്ള ആകസ്മികസംഭവത്തിന്റെ ഫലം ലഘൂകരിക്കാൻ വിതരണലൈസൻസി സ്വീകരിച്ച നടപടികളും ഉൾപ്പെടെ, കമ്മീഷനെ യഥാവിധി അറിയിക്കേണ്ടതാണ്.

(7) കമ്മീഷന്, ലൈസൻസിയുടെ ഏതെങ്കിലും ജീവനക്കാരന്റെയോ ഏജന്റിന്റെയോ ഭാഗത്തുള്ള ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ ഉപേക്ഷയോ മൂലം ഗുരുതരമായ ഒരു ആകസ്മികസംഭവം ഉണ്ടാകുന്നിടത്ത് സാരമായ പരുക്കേൽക്കുന്ന ആളിനോ ജീവഹാനി സംഭവിച്ചവരുടെ അവകാശികൾക്കോ നഷ്ടപരിഹാരത്തുക നൽകാൻ ലൈസൻസി വീഴ്ചവരുത്തുന്നുവെങ്കിൽ ഉത്തരവുമൂലം ലൈസൻസിക്ക് പിഴശിക്ഷ നൽകാവുന്നതാണ്.

(8) ഗുരുതരമായ ഒരു ആകസ്മികസംഭവം എന്താണെന്നതു സംബന്ധിച്ച കമ്മീഷന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(9) കമ്മീഷന്, ഏതുസമയത്തും കമ്മീഷൻ പ്രത്യേകം നിർദ്ദേശിക്കാവുന്ന ആകസ്മികസംഭവങ്ങളുമായി ബന്ധപ്പെട്ട് (3) മുതൽ (6) വരെ ഉപഖണ്ഡങ്ങളിലെ വ്യവസ്ഥകളനുസരിക്കാൻ വിതരണലൈസൻസിയോട് ആവശ്യപ്പെടാവുന്നതും അങ്ങനെയുള്ള ആകസ്മികസംഭവങ്ങൾ ഗുരുതരമായ ആകസ്മികസംഭവങ്ങളല്ലെന്നിരുന്നാലും അതനുസരിക്കാൻ വിതരണലൈസൻസി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്; എന്നാൽ (3)-ാംഉപഖണ്ഡത്തിൽ വിനിർദ്ദേശിക്കപ്പെട്ട സമയപരിധികൾ അങ്ങ

നെയുള്ള ആവശ്യകത സംബന്ധിച്ച് കമ്മീഷൻ വിതരണലൈസൻസിയെ അറിയിക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതാണ്.

(10) വിതരണലൈസൻസി, വിതരണലൈസൻസ് പ്രാബല്യത്തിൽ വരുന്നതിന്റെ മൂന്നു മാസത്തിനുള്ളിൽ കമ്മീഷൻ നിർദ്ദേശിച്ചേക്കാവുന്നപ്രകാരമുള്ള കാലയളവിലേക്ക് ഒരു ബിസിനസ്സ്പ്ലാൻ സമർപ്പിക്കേണ്ടതും അങ്ങനെയുള്ള പ്ലാൻ വർഷംതോറും പുതുക്കേണ്ടതുമാണ്. ബിസിനസ്സ്പ്ലാനിൽ വർഷംതോറുമുള്ള ലോഡ് വർദ്ധനവ്, പ്രത്യേക കർമ്മപദ്ധതി സഹിതം വർഷംതോറുമുള്ള വിതരണനഷ്ടംകുറയ്ക്കൽനിർദ്ദേശം, മീറ്ററിങ് ഇന്റർഫേസ് പോയിന്റുകൾക്കുള്ള മീറ്ററിങ് പ്ലാൻ, നിക്ഷേപ പദ്ധതി, മുൻനഷ്ടങ്ങൾ കൈകാര്യംചെയ്യൽ, കടം പുന:സംഘടനാ പദ്ധതി, ചെലവുചുരുക്കൽ പദ്ധതി, പദ്ധതിയിടുന്ന ലാഭ-നഷ്ടക്കണക്ക്, പദ്ധതിയിടുന്ന ബാലൻസ്ഷീറ്റുകൾ, പദ്ധതിയിടുന്ന കാഷ്ഫ്ളോ സ്റ്റേറ്റ്മെന്റുകൾ, പദ്ധതിയിടുന്ന പ്രധാനപ്പെട്ട സാമ്പത്തിക മാനദണ്ഡങ്ങൾ എന്നിവ അടങ്ങിയിരിക്കേണ്ടതാണ്.

(11) കമ്മീഷൻ അംഗീകരിച്ചപ്രകാരമുള്ള പ്ലാനുമായി ബന്ധപ്പെട്ട് യഥാർത്ഥ നേട്ടവുമായി താരതമ്യംചെയ്തുകൊണ്ട് മുൻസാമ്പത്തികവർഷത്തെ ബിസിനസ്സ് പ്ലാൻ നടപ്പാക്കുന്നതിൽ കൈവരിച്ച പുരോഗതി ഓരോ സാമ്പത്തികവർഷത്തിന്റെയും ആദ്യ പാദത്തിന്റെ അവസാനത്തിനുള്ളിൽ അറിയിക്കാൻ കമ്മീഷന് വിതരണലൈസൻസിയോടാവശ്യപ്പെടാവുന്നതാണ്.

(12) ലൈസൻസി, അത്, കമ്മീഷൻ വിനിർദ്ദേശിക്കുന്ന നിർവഹണനിലവാരങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസക്തമായ എല്ലാ ഡാറ്റയും എല്ലായ്പ്പോഴും സൂക്ഷിക്കേണ്ടതും കമ്മീഷന് നൽകേണ്ടതുമാണ്.

13. ***ആസ്തികളുടെ കൈമാറ്റം അല്ലെങ്കിൽ കൈയൊഴിക്കൽ.***- (1) വിതരണലൈസൻസി, ഭാഗം V-ലെ പ്രത്യേക നിബന്ധനകൾ പ്രകാരം കമ്മീഷൻ വിനിർദ്ദേശിക്കുന്ന തുകയിൽകവിയുന്ന മൂല്യമുള്ള ഏതെങ്കിലും ആസ്തിയിന്മേലുള്ള പ്രവർത്തനപരമായ നിയന്ത്രണം കൈമാറാനോ വിട്ടുകൊടുക്കാനോ ഉള്ള അതിന്റെ ഉദ്ദേശ്യംസംബന്ധിച്ച് കമ്മീഷന് മുൻകൂർനോട്ടീസ് നൽകേണ്ടതും വിതരണലൈസൻസി കമ്മീഷനുമായുള്ള ആശയവിനിമയത്തിൽ പ്രസക്തമായ എല്ലാ വസ്തുതകളും വെളിപ്പെടുത്തേണ്ടതുമാണ്. ലൈസൻസി, ഈ അവസ്ഥ ഒഴിവാക്കുന്ന ഫലമുണ്ടാക്കുന്ന, ആസ്തികളുടെ അല്ലെങ്കിൽ അതിന്റെ വിലയുടെ വിഭജനമോ ഭാഗംവയ്ക്കലോ വേർതിരിക്കലോ നടത്താൻ പാടില്ലാത്തതാണ്. കമ്മീഷന്, നോട്ടീസ് ലഭിച്ച് 30 ദിവസത്തിനുള്ളിൽ ഇടപാടിന് ഉപോദ്ബലകമായ കൂടുതൽ വിവരം ആവശ്യപ്പെടാവുന്നതും സാധാരണയായി വിതരണലൈസൻസി അങ്ങനെയുള്ള കൂടുതൽ വിവരം സമർപ്പിക്കുന്നതിന്റെ 30 ദിവസ

ത്തിനുള്ളിലും, മേൽപ്പറഞ്ഞതുപോലെ കമ്മീഷൻ അങ്ങനെയുള്ള കൂടുതൽ വിവരം ആവശ്യപ്പെടാത്തിടത്ത് മുൻകൂർനോട്ടീസിന്റെ 60 ദിവസത്തിനുള്ളിലും, കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവിലടങ്ങിയിരിക്കുന്ന കാരണങ്ങളാൽ, ഉചിതമെന്നു കരുതാവുന്ന പ്രകാരമുള്ള ഉപാധികൾക്കും നിബന്ധനകൾക്കും അല്ലെങ്കിൽ രൂപഭേദപ്പെടുത്തലുകൾക്കും വിധേയമായി കൈമാറ്റക്രമീകരണം അംഗീകരിക്കുകയോ അത് നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(2) വിതരണലൈസൻസി, (1)-ാംഉപഖണ്ഡപ്രകാരം നൽകുന്ന ഏതെങ്കിലും നോട്ടീസിൽ വിശദീകരിക്കുന്നപ്രകാരം ഏതെങ്കിലും ആസ്തിയിന്മേലുള്ള പ്രവർത്തനപരമായ നിയന്ത്രണം കൈമാറുകയോ വിട്ടുകൊടുക്കുകയോ ചെയ്യാവുന്നത്-

(എ) കമ്മീഷൻ ചുമത്തിയേക്കാവുന്നപ്രകാരമുള്ള നിബന്ധനകൾക്കു വിധേയമായി പ്രവർത്തനപരമായ നിയന്ത്രണത്തിന്റെ അങ്ങനെയുള്ള കൈമാറ്റം അല്ലെങ്കിൽ വിട്ടുകൊടുക്കൽ കമ്മീഷൻ സമ്മതിക്കുന്നുവെന്ന് അത് ലിഖിതമായി സ്ഥിരീകരിക്കുന്നിടത്ത്; അല്ലെങ്കിൽ

(ബി) (1)-ാംഉപഖണ്ഡത്തിൽ പരാമർശിക്കുന്ന നോട്ടീസുകാലയളവിനുള്ളിൽ പ്രവർത്തനപരമായ നിയന്ത്രണത്തിന്റെ അങ്ങനെയുള്ള കൈമാറ്റത്തിന് അല്ലെങ്കിൽ വിട്ടുകൊടുക്കലിന് കമ്മീഷൻ ഏതെങ്കിലും ആക്ഷേപം ലിഖിതമായി വിതരണലൈസൻസിയെ അറിയിക്കാതിരിക്കുകയും സുതാര്യവും മത്സരാധിഷ്ഠിതവുമായ ലേലനടപടിക്രമങ്ങൾവഴി കൈമാറ്റം പ്രാവർത്തികമാവുകയും ചെയ്യുന്നിടത്ത്;

ആകുന്നു

(3) വിതരണലൈസൻസി ഇതിനുപുറമെ, ഏതെങ്കിലും ആസ്തിയിന്മേലുള്ള പ്രവർത്തനപരമായ നിയന്ത്രണം കൈമാറുകയോ വിട്ടുകൊടുക്കുകയോ ചെയ്യാവുന്നത്-

(എ) കമ്മീഷൻ ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി ഒരു പൊതു അംഗീകാരം അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങൾ (നിബന്ധനകൾക്കു വിധേയമായിട്ടാണെങ്കിലും അല്ലെങ്കിലും) പുറപ്പെടുവിച്ചിട്ടുള്ള-

(i) പ്രത്യേകംപറഞ്ഞിട്ടുള്ള ഒരു വിവരണത്തിലെ ഇടപാടുകൾ, കൂടാതെ / അല്ലെങ്കിൽ

(ii) പ്രത്യേകംപറഞ്ഞിട്ടുള്ള ഒരു വിവരണത്തിലെ ആസ്തികളിന്മേലുള്ള പ്രവർത്തനപരമായ നിയന്ത്രണത്തിന്റെ കൈമാറ്റം അല്ലെങ്കിൽ വിട്ടുകൊടുക്കൽ, കൂടാതെ / അല്ലെങ്കിൽ

(iii) അംഗീകാരം ഏതെല്ലാം നിബന്ധനകൾക്കാണോ വിധേയമായിരിക്കുന്നത് അതിനനുസൃതമായി പ്രവർത്തനപരമായ നിയന്ത്രണത്തിന്റെ കൈമാറ്റം അല്ലെങ്കിൽ വിട്ടുകൊടുക്കൽ;

(ബി) മറ്റേതെങ്കിലും നിയമം അനുശാസിക്കുന്നപ്രകാരം തർക്കവിഷയത്തിലെ പ്രവർത്തനപരമായ നിയന്ത്രണത്തിന്റെ കൈമാറ്റം അല്ലെങ്കിൽ വിട്ടുകൊടുക്കൽ; അല്ലെങ്കിൽ

(സി) തർക്കവിഷയത്തിലെ ആസ്തി, വിതരണലൈസൻസി ആർജ്ജിച്ചതും വിനിയോഗിച്ചതും പൂർണമായി അല്ലെങ്കിൽ പ്രാഥമികമായി മറ്റേതെങ്കിലും ബിസിനസ്സുമായി ബന്ധപ്പെട്ടായിരുന്നതും ഭൂമിയിൽ നിയമപരമോ ഗുണകരമോ ആയ ഒരവകാശം സ്ഥാപിക്കുകയോ മറ്റു വിധത്തിൽ വിതരണസംവിധാനത്തിന്റെ ഭാഗമാകുകയോ ചെയ്യുന്നതല്ലാത്തതും അല്ലെങ്കിൽ മറ്റുവിധത്തിൽ ലൈസൻസുള്ള ബിസിനസ്സിന് ആവശ്യമായ ഒരു ആസ്തിയല്ലാതിരിക്കുകയോ

ചെയ്യുന്നിടത്തും ആകുന്നു.

(4) വിതരണലൈസൻസിക്ക്, ലൈസൻസുള്ള ബിസിനസ്സിനുവേണ്ടി ഡെറ്റ് ഫിനാൻസിങ് (debt financing), സെക്യൂരറ്റൈസേഷൻ ഓഫ് റിസീവബിൾസ് (securitisation of receivables) മുതലായവയ്ക്കുവേണ്ടിയുള്ള ഈടായി കൊടുക്കുന്നതുൾപ്പെടെ അതിന്റെ നിക്ഷേപാവശ്യത്തിന് ധനസഹായം നൽകുന്നതു സുഗമമാക്കുന്നതിനുള്ള ഒരു മാർഗ്ഗമെന്നനിലയിൽ, ആസ്തികൾ വിനിയോഗിക്കാൻ ഇനിപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി അവകാശമുണ്ടായിരിക്കുന്നതാണ്–

(എ) വിതരണലൈസൻസി, ബന്ധപ്പെട്ട കരാറുകളുടെ പ്രാബല്യത്തീയതിക്കു 15 ദിവസം മുമ്പെങ്കിലും അങ്ങനെയുള്ള ക്രമീകരണങ്ങൾ സംബന്ധിച്ച് കമ്മീഷനെ അറിയിക്കുന്നതാണ്;

(ബി) വിതരണലൈസൻസി, ആസ്തികളുടെ അങ്ങനെയുള്ള വിനിയോഗത്തിൽ വിവേകപൂർവം ന്യായമായ രീതിയിൽ പ്രവർത്തിക്കുന്നതാണ്; കൂടാതെ

(സി) വിതരണലൈസൻസി വിതരണസംവിധാനത്തിലെ ആസ്തികളിന്മേലുള്ള പ്രവർത്തനപരമായ നിയന്ത്രണം നിലനിർത്തുന്നതാണ്.

(5) ഈ ലൈസൻസിൽ എന്തുതന്നെ അടങ്ങിയിരുന്നാലും വിതരണലൈസൻസിക്ക്, ഏതെങ്കിലും അടിയന്തരസാഹചര്യമുണ്ടായാൽ, വിതരണലൈസൻസി

അങ്ങനെയുള്ള ഒരു ഇടപാട് കഴിഞ്ഞാലുടൻ അടിയന്തരാവശ്യം സംബന്ധിച്ച വിശദമായ വസ്തുതകളും ഏർപ്പെട്ട ഇടപാടിന്റെ വിശദാംശങ്ങളും നൽകിക്കൊണ്ട് കമ്മീഷന്റെ വസ്തുതാനന്തര അംഗീകാരം ആരായുന്നതാണെന്ന വ്യവസ്ഥക്കു വിധേയമായി ആസ്തികൾ കൈമാറാവുന്നതാണ്. ആസ്തികളുടെ കൈമാറ്റം നിർബന്ധിതമാക്കുന്നതിനുണ്ടായ അടിയന്തരസാഹചര്യം കമ്മീഷന് ബോദ്ധ്യപ്പെടുന്നവിധം സ്ഥാപിക്കേണ്ടത് വിതരണലൈസൻസിയുടെ ചുമതലയായിരിക്കുന്നതാണ്.

*14. ലൈസൻസ് ഫീസ് നൽകൽ.*- (1) [1] [വിതരണലൈസൻസി, ലൈസൻസിന്റെ കാലയളവിൽ, മുൻവർഷത്തെ പവർവിൽപ്പനയിൽ നിന്നുള്ള വരുമാനത്തിന്റെ താത്കാലിക കണക്കുകൂട്ടൽ അടിസ്ഥാനപ്പെടുത്തി ഓരോ സാമ്പത്തികവർഷവും ഏപ്രിൽ 30-നു മുമ്പ് ഭാഗം V-ലെ പ്രത്യേക നിബന്ധനകളിൽ പറഞ്ഞിട്ടുള്ള ലൈസൻസ് ഫീസ് കമ്മീഷന് നൽകേണ്ടതാണ്. കണക്കുകൾ അന്തിമമാക്കുമ്പോൾ, കൊടുക്കാനുള്ള ബാക്കി ഫീസ്, ഏതെങ്കിലുമുണ്ടെങ്കിൽ, കൊടുക്കേണ്ടതും കൊടുത്ത ഫീസ് അധികമാണെങ്കിൽ അത് ഭാവിയിലുള്ള പണംകൊടുക്കലുകളിൽ ക്രമീകരിക്കേണ്ടതുമാണ്.]

(2) വിതരണലൈസൻസി (1)-ാംഉപഖണ്ഡപ്രകാരം കൊടുക്കാനുള്ള ഏതെങ്കിലും ഫീസ്, കൊടുക്കാനുള്ള തീയതിക്കകം കമ്മീഷന് കൊടുക്കാൻ വീഴ്ചവരുത്തുന്നിടത്ത്,-

(എ) മറ്റു ചുമതലകൾക്കു ഭംഗംവരാതെ, വിതരണലൈസൻസി, തുക കൊടുക്കാനുള്ള തീയതി മുതൽ 14 ദിവസത്തിനു ശേഷമുള്ള ദിവസം ആരംഭിക്കുന്നതും കമ്മീഷനു പണംകൊടുക്കുന്ന ദിവസം അവസാനിക്കുന്നതുമായ കാലയളവിലേക്ക്, റൂളിങ്ബാങ്ക്നിരക്കിൽ നൽകേണ്ടതിന്റെ രണ്ടുമടങ്ങ് സാധാരണപലിശ, കുടിശ്ശികയായ തുകയ്ക്ക് പലിശനൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്; കൂടാതെ

---

*"(1) വിതരണലൈസൻസി, ലൈസൻസിന്റെ കാലയളവിൽ സാമ്പത്തികവർഷം ഏപ്രിൽ 1-ന്അകം, ഭാഗംV-ലെ പ്രത്യേക നിബന്ധനകളിൽ പറഞ്ഞിട്ടുള്ള ലൈസൻസ് ഫീസ് കമ്മീഷന് നൽകേണ്ടതാണ്." എന്ന ഖണ്ഡത്തിനു പകരം "അവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്" എന്ന പ്രാരംഭ ഖണ്ഡത്തോടുകൂടി 16.12.2009 തീയതിയിലെ നം. കെ.എസ്.ഇ.ആർ.സി/II/റഗുലേഷൻ/2009 വിജ്ഞാപനപ്രകാരം 23.12.2009 തീയതിയിലെ 2429-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2009-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (നിലവിലുള്ള വിതരണലൈസൻസികൾക്കുള്ള ലൈസൻസിന്റെ നിബന്ധനകൾ) ഒന്നാം ഭേദഗതി റഗുലേഷനുകളിലെ 2(i)-ാംഖണ്ഡം മുഖേന ചേർത്തത്.*

(ബി) വിതരണലൈസൻസി വീഴ്ച തുടരുന്ന സംഗതിയിൽ, കമ്മീഷൻ, ലൈസൻസ് പിൻവലിക്കുന്നതിനുള്ള നടപടി ആരംഭിക്കേണ്ടതാണ്.

(3) വിതരണലൈസൻസിക്ക്, താരിഫുകളിലേക്കു ചുമത്തേണ്ടതായ മൊത്തം വരുമാനം നിർണയിക്കുന്നതിൽ ഈ ലൈസൻസ് പ്രകാരം അത് നൽകിയ ഏതൊരു ഫീസും, എന്നാൽ ഒരു ചെലവെന്നനിലയിൽ കാലതാമസംവരുത്തി പണം നൽകിയതിനുള്ള പലിശ ഒഴിവാക്കിക്കൊണ്ട്, കണക്കിലെടുക്കുന്നതിനവകാശമുണ്ടായിരിക്കുന്നതാണ്.

***15. തർക്കപരിഹാരം.***- ലൈസൻസി, ഏതുസമയത്തും, ലൈസൻസിൻകീഴിലുണ്ടാകുന്ന ഏതെങ്കിലും അല്ലെങ്കിൽ എല്ലാ തർക്കങ്ങളും കമ്മീഷനോ ഇതിലേക്കായി കമ്മീഷൻ നിശ്ചയിച്ചേക്കാവുന്നപ്രകാരമുള്ള മറ്റേതെങ്കിലും ആളോ മുഖേന തീരുമാനിക്കുന്നതിനായി റഫർ ചെയ്യേണ്ടതാണ്.

***16. മാനദണ്ഡങ്ങളും നടപടിക്രമങ്ങളും.***- കമ്മീഷന്റെ ആവശ്യപ്രകാരം, കമ്മീഷൻ നിർദ്ദേശിക്കുന്നതോ വിജ്ഞാപനപ്പെടുത്തുന്നതോ ആയ ഏതെങ്കിലും മാനദണ്ഡങ്ങളുടെ, കോഡുകളുടെ, നടപടിക്രമങ്ങളുടെ, വികസനം, പുറപ്പെടുവിക്കൽ, പുന:പരിശോധന എന്നിവയിൽ കമ്മീഷൻ ആവശ്യപ്പെടുന്ന പരിധിവരെ പങ്കെടുക്കാനും കമ്മീഷനെ സഹായിക്കാനും ലൈസൻസിയോടാവശ്യപ്പെടുന്നതാണ്.

***17. കംപ്ളയൻസ് എക്സാമിനർ.***- കമ്മീഷൻ, സ്വതന്ത്രനായ ഒരു എക്സാമിനറെ താഴെപ്പറയുന്നവയിൽ ആഡിറ്റ്നടത്താനും ഫലം കമ്മീഷന് റിപ്പോർട്ട്ചെയ്യാനും നിയമിക്കേണ്ടതാണ്:

(എ) ലൈസൻസി, കോഡുകളും മാർഗനിർദ്ദേശങ്ങളും പാലിക്കാനുള്ള ചുമതലകൾ ഉൾപ്പെടെ ഈ ലൈസൻസ്പ്രകാരമുള്ള ചുമതലകൾ / കർത്തവ്യങ്ങൾ പാലിക്കുന്നത്; കൂടാതെ

(ബി) ലൈസൻസി, കമ്മീഷന് റിപ്പോർട്ട്ചെയ്യുന്ന വിവരത്തിന്റെ വിശ്വാസ്യതയും ഗുണനിലവാരവും കമ്മീഷന്റെ പ്രത്യേകനിർദ്ദേശങ്ങളുമായി ആ വിവരത്തിനുള്ള പൊരുത്തവും.

***18. ലൈസൻസിയുടെ വീഴ്ച.***- ആക്റ്റ്, റഗുലേഷനുകൾ, ഈ ലൈസൻസ് എന്നിവ മുഖേന ലൈസൻസിക്ക് നൽകപ്പെട്ടപ്രകാരമുള്ള അധികാരം വിനിയോഗിക്കേണ്ടതാവ

ശ്യമായ ഒരു സാഹചര്യമുള്ളിടത്ത് അപ്രകാരം ചെയ്യാൻ എന്തെങ്കിലും വീഴ്ചവരുത്തുന്നത് ലൈസൻസിലെ നിബന്ധനകളുടെ ലംഘനമായി വ്യാഖ്യാനിക്കുന്നതാണ്.

## ഭാഗം III

## സാങ്കേതികം

*19. വാർഷിക റവന്യൂആവശ്യകതകളും ചാർജുകളിൽനിന്നുള്ള പ്രതീക്ഷിത റവന്യൂവും (Annual Revenue Requirements and Expected Revenue From Charges).*- (1) വിതരണലൈസൻസി -

(എ) തുടർന്നുള്ള ഓരോ 10 വർഷത്തേക്കും സപ്ലൈപ്രദേശത്തിനുള്ളിലെ പവറിനുള്ള ഡിമാന്റ് വർഷംതോറും മുൻകൂട്ടികണക്കാക്കേണ്ടതാണ്;

(ബി) കമ്മീഷൻ അതതു സമയം പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി കമ്മീഷന് അത്തരം മുൻകൂട്ടിയുള്ള കണക്കുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്;

(സി) സംസ്ഥാനത്തിനുവേണ്ടിയുള്ള പവർഡിമാന്റിന്റെ മുൻകൂട്ടിയുള്ള കണക്കുകൾ തയ്യാറാക്കുന്നതിൽ ട്രാൻസ്മിഷൻ ലൈസൻസികൾ, സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റി, സ്റ്റേറ്റ് ലോഡ് ഡെസ്പാച്ച് സെന്റർ, മറ്റു ലൈസൻസികൾ എന്നിവയുമായി സഹകരിക്കേണ്ടതാണ്;

(ഡി) സാമ്പത്തികവളർച്ചാനിരക്കുകൾ, താരിഫ്ലെവലുകൾ, വൈദ്യുതി ഡിമാന്റിന്റെ വിലഇലാസ്തികത എന്നിവ കണക്കിലെടുത്ത് ലൈസൻസിയുടെ സപ്ലൈപ്രദേശത്തിനുവേണ്ടി ലോഡ്റിസർച്ച് ഏറ്റെടുക്കുകയും ഏറ്റവുംകൂടിയതും ഏറ്റവുംകുറഞ്ഞതുമായ ലോഡ് വർദ്ധനവിന്റെ സാഹചര്യങ്ങൾ തയ്യാറാക്കുകയും ചെയ്യേണ്ടതുമാണ്.

(2) ആക്റ്റ്, അതതു സമയം കമ്മീഷൻ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ, മാർഗനിർദ്ദേശങ്ങൾ, ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്കനുസൃതമായി വിതരണലൈസൻസി വാർഷിക റവന്യൂആവശ്യകതകളും ചാർജുകളിൽ നിന്നുള്ള പ്രതീക്ഷിത റവന്യൂവും കണക്കാക്കേണ്ടതാണ്.

(3) ലൈസൻസി, കമ്മീഷൻ അംഗീകരിക്കുന്ന താരിഫുകൾക്കും ചാർജുകൾക്കും അനുസൃതമായി മാത്രം ചാർജുകൾ ഈടാക്കേണ്ടതാണ്.

***20. പവർസംഭരണ നടപടിക്രമം.***- (1) ലൈസൻസി, മുൻകൂട്ടികണക്കാക്കുന്ന ലോഡുമായി പൊരുത്തപ്പെടുന്ന സ്വന്തം ഉത്പാദനത്തിനും പവർവാങ്ങലിനുമുള്ള പദ്ധ

തികളടങ്ങിയ അതിന്റെ പവർവാങ്ങൽപദ്ധതി തയ്യാറാക്കി കമ്മീഷനു സമർപ്പിക്കേണ്ടതാണ്. ലൈസൻസി, പദ്ധതി തയ്യാറാക്കുമ്പോൾ:

(i) പവർവാങ്ങൽപദ്ധതി തയ്യാറാക്കുന്ന ആവശ്യത്തിലേക്കായി ലൈസൻസി സ്വീകരിക്കുന്ന പ്ളാനിങ്മാർജിൻ അല്ലെങ്കിൽ മാർജിനുകൾ പ്രസ്താവിക്കേണ്ടതും അങ്ങനെയുള്ള മാർജിനിലോ മാർജിനുകളിലോ എത്തിച്ചേരുന്നതിനുപയോഗിക്കുന്ന രീതിശാസ്ത്രവും കണക്കുകൂട്ടലുകളും വിശദീകരിക്കേണ്ടതുമാണ്;

(ii) മുൻകൂട്ടികണക്കാക്കുന്ന ഡിമാന്റിനുള്ള ഡാറ്റയും അനുമാനങ്ങളും റഫർ ചെയ്യേണ്ടതാണ് (ഡിമാന്റിന്റെ വൈവിധ്യം, സ്വന്തം ഉത്പാദനം, വ്യാപാരത്തിനുള്ള ക്രമീകരണം, തുറന്നപ്രവേശനമുള്ള ഉപഭോക്താക്കൾ ഉൾപ്പെടെ എല്ലാ ഉപഭോക്താക്കളുടെയും ഡിമാന്റ്, ലോഡ് മാനേജ്മെന്റ്, ഏതെങ്കിലുമുണ്ടെങ്കിൽ, എന്നിവയുമായി ബന്ധപ്പെട്ടവയ്ക്ക് പ്രസക്തമായിടത്തോളം ഉൾപ്പെടെ).

(2) ലൈസൻസി, ഒരു മാസത്തിൽക്കുറഞ്ഞ അടിയന്തര ഹ്രസ്വകാലവാങ്ങലുകൾക്കൊഴികെ കമ്മീഷൻ നൽകുന്ന ഒരംഗീകാരമില്ലാതെ വൈദ്യുതപവർ (electrical power) കൂടാതെ/ അല്ലെങ്കിൽ ഊർജ്ജം (energy) വാങ്ങാൻ പാടില്ലാത്തതാണ്.

(3) ലൈസൻസി എല്ലാ സാഹചര്യത്തിലും, വൈദ്യുതപവർ, കൂടാതെ / അല്ലെങ്കിൽ ഊർജ്ജം, കമ്മീഷൻ അംഗീകരിച്ചപ്രകാരമുള്ള സുതാര്യമായ ഒരു സംഭരണ പ്രക്രിയ പ്രകാരം ചെലവുചുരുക്കുന്നതും കാര്യക്ഷമവുമായ ഒരു രീതിയിലും മുൻകൂട്ടി കണക്കാക്കുന്ന ലോഡ്, പവർസംഭരണപദ്ധതി, പവർസംഭരണ നടപടിക്രമം എന്നിവ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷൻ അതതു സമയം പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങളനുസരിച്ചും വാങ്ങേണ്ടതാണ്. എന്നാൽ, പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽനിന്നുള്ള പവർവാങ്ങൽ, കമ്മീഷൻ അതതു സമയം നിശ്ചയിക്കുന്ന ശതമാനക്കണക്കിനുള്ളിൽ നടത്തേണ്ടതാണ്.

(4) ഈ നിബന്ധനപ്രകാരം ആവശ്യമുള്ള ഒരംഗീകാരം,

(എ) വൈദ്യുതപവർ കൂടാതെ / അല്ലെങ്കിൽ ഊർജ്ജം, ലൈസൻസിയുടെ സേവനച്ചുമതലകൾ നിർവഹിക്കാനാവശ്യമാണെന്നും അംഗീകരിക്കപ്പെട്ട മുൻകൂട്ടികണക്കാക്കിയ ലോഡുമായും പവർവാങ്ങൽപദ്ധതിയുമായും പൊരുത്തപ്പെടുന്നുണ്ടെന്നും;

(ബി) ലൈസൻസി, വൈദ്യുതപവർ, കൂടാതെ / അല്ലെങ്കിൽ ഊർജ്ജം

വാങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾക്കുള്ള വാണിജ്യപരമായി പ്രായോഗികമായ മറ്റു മാർഗ്ഗങ്ങളുടെ സാമ്പത്തികം, സാങ്കേതികം, സമ്പ്രദായം, പാരിസ്ഥിതികം എന്നീ വശങ്ങൾ (ഡിമാന്റിന്റെ ലെവൽ കുറയ്ക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉൾപ്പെടെ) പരിശോധിച്ചുവെന്നും അപ്രകാരമുള്ള പരിശോധന, കമ്മീഷൻ അംഗീകരിച്ച ഒരു രീതിയിൽ നടത്തിയിട്ടുണ്ടെന്നും;

കമ്മീഷനു ബോദ്ധ്യപ്പെടുന്നവിധം ലൈസൻസി വിശദീകരിക്കുമ്പോൾ നൽകേണ്ടതാണ്.

(സി) കമ്മീഷന്, 90 ദിവസത്തിനുള്ളിൽ അതിന്റെ കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തിക്കൊണ്ട് അംഗീകാരം നൽകുകയോ ലൈസൻസിയുടെ അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതാണ്. കമ്മീഷൻ 90 ദിവസത്തിനുള്ളിൽ ലിഖിതമായി അപേക്ഷ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യുന്നില്ലെങ്കിൽ അങ്ങനെയുള്ള അനുമതി നൽകിയിട്ടുള്ളതായി കരുതപ്പെടേണ്ടതാണ്.

(5) ലൈസൻസി എല്ലാസാഹചര്യത്തിലും വൈദ്യുതപവർ കൂടാതെ / അല്ലെങ്കിൽ ഊർജ്ജം വാങ്ങുന്നത്,

(എ) സംസ്ഥാന ഗ്രിഡ്കോഡിന് അനുസൃതമായത്;

(ബി) പവർ / ഊർജ്ജം വാങ്ങലുകൾക്കുവേണ്ടി ഏർപ്പെടുന്ന കരാറുകളുടെ വിശദാംശങ്ങൾ അങ്ങനെയുള്ള കരാറുകൾ തീരുമാനിക്കുന്നതു മുതൽ ഒരു മാസത്തിനുള്ളിൽ കമ്മീഷന് സമർപ്പിക്കുന്നത്;

ആയ ഒരു രീതിയിൽ ആയിരിക്കേണ്ടതാണ്.

***21. നിക്ഷേപങ്ങൾ.***- (1) വിതരണലൈസൻസി, വിതരണബിസിനസ്സിൽ നടത്തേണ്ടതായ നിക്ഷേപങ്ങൾ സംബന്ധിച്ച് കമ്മീഷൻ അതതു സമയം പുറപ്പെടുവിച്ചേക്കാവുന്ന റഗുലേഷനുകൾ, മാർഗനിർദ്ദേശങ്ങൾ, നിർദ്ദേശങ്ങൾ, ഉത്തരവുകൾ എന്നിവ യഥാവിധി അനുസരിക്കേണ്ടതാണ്.

(2) ലൈസൻസി, ലൈസൻസ് അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ സപ്ളൈ പ്രദേശത്തെ ലോഡിലുള്ള വർദ്ധനവ് മുൻകൂട്ടിക്കണ്ട് വിതരണസംവിധാനം നവീകരിക്കുന്നതിനുവേണ്ടി 5 വർഷത്തേക്കുള്ള ഒരു ദീർഘവീക്ഷണപദ്ധതി തയ്യാറാക്കുകയും അത് കമ്മീഷനു സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(3) ദീർഘവീക്ഷണപദ്ധതി അടിസ്ഥാനപ്പെടുത്തി ലൈസൻസി, ലോഡിലുള്ള വർദ്ധനവിന്റെ ആവശ്യകത നിറവേറ്റുന്നതിനും വിതരണസംവിധാനം നവീകരിക്കുന്നതി

നുംവേണ്ടി പ്രവൃത്തികൾ നിർവഹിക്കുന്നതിനായി ഒരു വാർഷികപദ്ധതി തയ്യാറാക്കേണ്ട താണ്.

(4) ലൈസൻസി, പ്രവൃത്തികൾ നിർവഹിക്കുന്നതിനുള്ള അതിന്റെ വാർഷിക പദ്ധതി അതിന്റെ ധനസഹായസ്രോതസ്സുകൾ കാണിച്ചുകൊണ്ട് ഓരോ വർഷവും അടുത്ത സാമ്പത്തികവർഷത്തേക്കുള്ള എആർആർ & ഇആർസി (ARR & ERC) ഫയലിങ് സഹിതം കമ്മീഷന് സമർപ്പിക്കേണ്ടതാണ്.

(5) വിതരണലൈസൻസി, കാര്യക്ഷമതയുള്ളതും ഏകോപിപ്പിച്ചതും ചെലവു ചുരുക്കുന്നതുമായ ഒരു വിതരണസംവിധാനം സ്ഥാപിക്കാനും സംരക്ഷിച്ചുപോരാനും പ്രവർത്തിപ്പിക്കാനുമുള്ള കർത്തവ്യത്താൽ നയിക്കപ്പെടുന്ന വിവേകപൂർവമായ ഒരു രീതിയിൽ നിക്ഷേപങ്ങൾ നടത്തേണ്ടതാണ്.

(6) വിതരണലൈസൻസി, ബിസിനസ്സ്പ്ളാനിന്റെ ഒരു ഭാഗമെന്നനിലയിൽ ബന്ധപ്പെട്ട കാലയളവിൽ ഏറ്റെടുക്കേണ്ട നിക്ഷേപ സ്കീമുകളുടെ വിശദാംശങ്ങൾ നൽകുന്ന നിക്ഷേപ പദ്ധതികൾ കമ്മീഷന്റെ അംഗീകാരത്തിനുവേണ്ടി കമ്മീഷന് സമർപ്പിക്കേണ്ടതാണ്. വിതരണലൈസൻസി കമ്മീഷന് ബോദ്ധ്യപ്പെടുന്ന വിധം:

(എ) നിക്ഷേപ പദ്ധതിയിലടങ്ങിയിരിക്കുന്നപ്രകാരമുള്ള നിക്ഷേപങ്ങൾ വിതരണസംവിധാനത്തിൽ ആവശ്യമുണ്ടെന്നും;

(ബി) അങ്ങനെയുള്ള ആവശ്യം നിറവേറ്റാൻ പുതിയ വിതരണസംവിധാന ആസ്തികളിൽ നിക്ഷേപിക്കുന്നതിനോ ആർജ്ജിക്കുന്നതിനോ ഉള്ള നിർദ്ദേശത്തിന് പ്രായോഗികമായ മറ്റെല്ലാ മാർഗ്ഗങ്ങളുടെയും സാമ്പത്തികം, സാങ്കേതികം, സമ്പ്രദായം, പാരിസ്ഥിതികം എന്നീ വശങ്ങൾ വിതരണലൈസൻസി പരിശോധിച്ചുവെന്നും

തെളിയിക്കേണ്ടതാണ്.

(7) വിതരണലൈസൻസി ഓരോ സാമ്പത്തികവർഷത്തിന്റെയും ആദ്യ പാദത്തിന്റെ അവസാനത്തിനുള്ളിൽ -

(എ) സാമ്പത്തികവർഷത്തിൽ നടപ്പാക്കേണ്ട നിക്ഷേപസ്കീമുകളുടെ വിശദാംശങ്ങളോടുകൂടിയ വാർഷിക നിക്ഷേപ പദ്ധതി;

(ബി) ബന്ധപ്പെട്ട കാലയളവിലേക്ക് കമ്മീഷൻ അംഗീകരിച്ചപ്രകാരമുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് യഥാർത്ഥ നേട്ടവുമായി താരതമ്യപ്പെടുത്തി മുൻസാമ്പത്തികവർഷത്തെ വാർഷിക നിക്ഷേപ പദ്ധതി നടപ്പാക്കുന്നതിൽ കൈവരിച്ച പുരോഗതി; എന്നിവ

അറിയിക്കേണ്ടതാണ്.

(8) വിതരണലൈസൻസി, കമ്മീഷൻ അംഗീകരിച്ച നിക്ഷേപ പദ്ധതിയിൽപ്പെടാത്ത വൻനിക്ഷേപങ്ങൾ ഉൾപ്പെടുന്ന സ്കീമുകൾ കമ്മീഷന്റെ മുൻകൂർ അംഗീകാരമില്ലാതെ ഏറ്റെടുക്കാൻ പാടില്ലാത്തതും അപ്രകാരമുള്ള അംഗീകാരത്തിനായി വിതരണലൈസൻസി അങ്ങനെയുള്ള നിക്ഷേപത്തിനുള്ള ആവശ്യകതയും മുൻകരുതലും കമ്മീഷനു ബോദ്ധ്യപ്പെടുന്നവിധം തെളിയിക്കേണ്ടതുമാണ്.

(9) വിതരണലൈസൻസി, കമ്മീഷൻ നിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള സുതാര്യമായ ഒരു ടെണ്ടർചെയ്യൽനടപടിക്രമത്തിനനുസൃതമായി വൻനിക്ഷേപവുമായി ബന്ധപ്പെട്ട ഉപകരണം, സാധനം, കൂടാതെ / അല്ലെങ്കിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ടെണ്ടറുകൾ ക്ഷണിക്കുകയും അന്തിമമാക്കുകയും ചെയ്യേണ്ടതാണ്. വിതരണലൈസൻസി, കമ്മീഷനുമായി കൂടിയാലോചിച്ച്,

(എ) അംഗീകൃത മാനദണ്ഡങ്ങളും ബെഞ്ച്മാർക്കുകളും വിശ്വസ്തമായി നടപ്പാക്കുകയും പാലിക്കുകയും ചെയ്യുന്നതു സുഗമമാക്കുന്നതിന് ശരിയായ സമയത്ത് ശരിയായ ഗുണനിലവാരമുള്ള ആവശ്യമായ ഇൻപുട്ടുകൾ നൽകുന്നതിനായി വിവിധ നടപടികൾ, അംഗീകരിക്കലുകൾ, ടെണ്ടർചെയ്യൽ, പർച്ചേസ് ഓർഡർ, വിതരണപ്പട്ടിക, പണം കൊടുക്കലുകൾ, മുതലായവയുടെ കലണ്ടർ ഉൾപ്പെടെയുള്ള മെറ്റീരിയൽ മാനേജ്മെന്റ്നയവും പ്രവർത്തനരീതികളും കാര്യക്ഷമമാക്കിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ബി) വികേന്ദ്രീകൃതവാങ്ങലുകൾസംബന്ധിച്ച് മികച്ച സാമ്പത്തികനിരക്കുകൾ നേടുന്നതിന്, സാമ്പത്തികഅച്ചടക്കവും ഇൻവെന്ററി കൺട്രോളും കൊണ്ടുവരുന്നതിനായി അങ്ങനെയുള്ള വികേന്ദ്രീകൃത വാങ്ങലുകൾക്ക് ബെഞ്ച്മാർക്ക്വിലകൾ നിശ്ചയിക്കുകയും നിരക്കുകരാറുകൾ തീരുമാനിക്കുകയും ചെയ്യേണ്ടതാണ്.

***22. ഗ്രിഡ്കോഡ് അനുസരിക്കൽ.***-(1) വിതരണലൈസൻസി, വിതരണസംവിധാനത്തിന്റെ പ്രവർത്തനത്തിനോ അല്ലെങ്കിൽ മറ്റുവിധത്തിൽ വിതരണലൈസൻസിയുടെ ഏതെങ്കിലും പ്രവൃത്തിക്കോ ബാധകമായിടത്തോളം ഗ്രിഡ്കോഡിലെ വ്യവസ്ഥകളനുസരിക്കേണ്ടതാണ്.

(2) കമ്മീഷന്, ബാധിക്കപ്പെട്ട ഏതെങ്കിലും ഉത്പാദക കമ്പനികൾ, ട്രാൻസ്മിഷൻ ലൈസൻസി, സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റി, സ്റ്റേറ്റ് ലോഡ് ഡെസ്പാച്ച് സെന്റർ, വൈദ്യുതിവ്യാപാരികൾ എന്നിവരുമായി കൂടിയാലോചിച്ചതിനുശേഷം, കമ്മീഷൻ ഉത്തരവായേക്കാവുന്നപ്രകാരം, ഗ്രിഡ്കോഡുമായി ബന്ധപ്പെട്ട അത്തരം ഭാഗങ്ങൾക്കും

അത്തരം അളവിലും (1)-ാംഉപറഗുലേഷൻ പ്രകാരമുള്ള ചുമതലയിൽനിന്നും വിതരണ ലൈസൻസിയെ ഒഴിവാക്കിക്കൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

23. ***ഇലക്ട്രിസിറ്റി സപ്ളൈ കോഡ്.***- (1) വിതരണലൈസൻസി, കമ്മീഷൻ അതതു സമയം വിനിർദ്ദേശിച്ചേക്കാവുന്നപ്രകാരമുള്ള ഇലക്ട്രിസിറ്റി സപ്ളൈ കോഡ് അനുസരിക്കേണ്ടതാണ്.

(2) കമ്മീഷന്, ലൈസൻസിയുടെ അപേക്ഷയിന്മേൽ, കമ്മീഷൻ നിർദ്ദേശിച്ചേക്കാവുന്നപ്രകാരം ലൈസൻസിയുടെ വിതരണസംവിധാനവുമായി ബന്ധപ്പെട്ട അത്തരം ഭാഗങ്ങൾക്കും അത്തരം അളവിലും ഇലക്ട്രിസിറ്റി സപ്ളൈ കോഡ് പ്രകാരമുള്ള അതിന്റെ ചുമതലകളിൽനിന്നും ലൈസൻസിയെ ഒഴിവാക്കിക്കൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

(3) ലൈസൻസി, അതതു സമയം പ്രാബല്യത്തിലുള്ള ഇലക്ട്രിസിറ്റി സപ്ളൈ കോഡ്, സപ്ളൈയുടെ നിബന്ധനകൾ, അതിനുള്ള പ്രവർത്തനരീതികൾ എന്നിവയുടെ പകർപ്പുകൾ, അതാവശ്യപ്പെടുന്ന ഏതൊരാളിനും അതു പകർപ്പാക്കുന്നതിനുള്ള ന്യായമായ ചെലവിൽകവിയാത്ത ഒരു വിലയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

24. ***വിതരണസംവിധാന ആസൂത്രണം, സുരക്ഷാമാനദണ്ഡങ്ങൾ, വിതരണ സംവിധാന പ്രവർത്തനമാനദണ്ഡങ്ങൾ, നിർവഹണനിലവാരങ്ങൾ.***- (1) വിതരണ ലൈസൻസി, കമ്മീഷൻ അംഗീകരിച്ചപ്രകാരമുള്ള വിതരണസംവിധാന ആസൂത്രണത്തിനും സുരക്ഷാമാനദണ്ഡങ്ങൾക്കുമനുസൃതമായി അതിന്റെ വിതരണസംവിധാനം ആസൂത്രണംചെയ്യുകയും വികസിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യേണ്ടതാണ്.

(2) വിതരണ ആസൂത്രണവും സുരക്ഷാമാനദണ്ഡങ്ങളും അല്ലെങ്കിൽ വിതരണപ്രവർത്തനമാനദണ്ഡങ്ങൾ നിറവേറ്റുന്നതിലെ വീഴ്ച ഫോർസ് മജൂർ കാരണമായിരിക്കുകയും എന്നാൽ, അതതു സംഗതിപോലെ വിതരണ ആസൂത്രണവും സുരക്ഷാമാനദണ്ഡങ്ങളും അല്ലെങ്കിൽ വിതരണപ്രവർത്തനമാനദണ്ഡങ്ങൾ പാലിക്കുന്നതിനു വിതരണലൈസൻസി ന്യായമായ ശ്രമങ്ങൾനടത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ വിതരണ ലൈസൻസി അതിന്റെ ചുമതലകൾ ലംഘിച്ചിട്ടില്ലാത്തതാകുന്നു.

(3) ലൈസൻസി, അതതു സമയം കമ്മീഷൻ അംഗീകരിക്കുന്നപ്രകാരമുള്ള നിർവഹണനിലവാരങ്ങൾ പാലിക്കേണ്ടതാണ്. ലൈസൻസി ഏതെങ്കിലും അല്ലെങ്കിൽ എല്ലാ നിർവഹണനിലവാരങ്ങളും പാലിക്കാൻ വീഴ്ചവരുത്തുന്നപക്ഷം ബാധിക്കപ്പെട്ട ഉപഭോക്താവിൽനിന്നും ലഭിക്കുന്ന അപേക്ഷയിന്മേൽ, അങ്ങനെയുള്ള ഉപഭോക്താവിന് കമ്മീഷൻ വിനിർദ്ദേശിക്കുന്ന മാന്യമായ ഒരു നഷ്ടപരിഹാരം ലൈസൻസി നൽകേണ്ടതാണ്.

(4) ലൈസൻസി, എആർആർ (ARR) -ൽ അപര്യാപ്തമായ സേവനത്തിനു നൽകിയ ഏതെങ്കിലും നഷ്ടപരിഹാരം / പിഴശിക്ഷ / പിഴ / ഉപഭോക്താക്കളിൽനിന്നും ഈടാക്കേണ്ട ചെലവ് ഉൾപ്പെടുത്താൻ പാടില്ലാത്തതാണ്.

(5) വിതരണലൈസൻസി, വിതരണലൈസൻസിക്കു ബാധകമായ നിർവഹണ നിലവാരങ്ങളും മറ്റു മാനദണ്ഡങ്ങളും കൈവരിക്കാൻ അത് ഉദ്ദേശിക്കുന്നതായ മാർഗ്ഗങ്ങൾസംബന്ധിച്ച വിവരം കമ്മീഷന് വർഷംതോറും നൽകേണ്ടതാണ്.

## ഭാഗം IV

## മറ്റു നിബന്ധനകൾ

**25. *പരാതി കൈകാര്യംചെയ്യൽനടപടിക്രമം.*-** (1) വിതരണലൈസൻസി ഉപഭോക്താക്കളുടെ പരാതികൾ കൈകാര്യംചെയ്യുന്നതിനുള്ള അതിന്റെ നടപടിക്രമം തയ്യാറാക്കി അംഗീകാരത്തിനുവേണ്ടി കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(2) ലൈസൻസി, അതതു സമയം പുതുക്കിയ അംഗീകരിച്ച പരാതി കൈകാര്യംചെയ്യൽനടപടിക്രമത്തിന്റെ ഒരു പകർപ്പ് പൊതുജനത്തിനു പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(3) ലൈസൻസി, അതതു സമയം പുതുക്കിയ നടപടിക്രമത്തിന്റെ ഒരു പകർപ്പ് ഓരോ പുതിയ ഉപഭോക്താവിനും സൗജന്യമായും അതാവശ്യപ്പെടുന്ന മറ്റേതൊരാളിനും അതു പകർപ്പാക്കുന്നതിനുള്ള ചെലവിൽക്കവിയാത്ത ഒരു വിലയ്ക്കും നൽകേണ്ടതാണ്.

(4) ലൈസൻസി, 2005-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും) റഗുലേഷനുകൾ അനുസരിക്കേണ്ടതാണ്.

**26. *ഉപഭോക്തൃ അവകാശപ്രസ്താവന.*-** (1) വിതരണലൈസൻസി, ലൈസൻസ് പ്രാബല്യത്തിൽ വന്നതിനു ശേഷം കമ്മീഷൻ നിർദ്ദേശിച്ചേക്കാവുന്നപ്രകാരമുള്ള ന്യായമായ കാലയളവിനുള്ളിലോ കമ്മീഷൻ അനുവദിച്ചേക്കാവുന്നപ്രകാരമുള്ള മറ്റു സമയത്തിനുള്ളിലോ ലൈസൻസി സേവനം നൽകുന്ന ഉപഭോക്താക്കളെന്നനിലയിൽ ഉപഭോക്താക്കൾക്ക് അവരുടെ അവകാശങ്ങൾ വിശദീകരിക്കുന്ന ഒരു ഉപഭോക്തൃ അവകാശ പ്രസ്താവന തയ്യാറാക്കി അംഗീകാരത്തിനുവേണ്ടി കമ്മീഷന് സമർപ്പിക്കേണ്ടതാണ്.

(2) കമ്മീഷന്, തയ്യാറാക്കിയ ഉപഭോക്തൃ അവകാശപ്രസ്താവനയിലോ അതു നടപ്പാക്കിയ രീതിയിലോ എന്തെങ്കിലും രൂപഭേദം വരുത്തേണ്ടതാണോ ഇല്ലയോയെന്ന് തീരുമാനിക്കാനുള്ള ഉദ്ദേശ്യത്തോടുകൂടി അതും അതു നടപ്പാക്കിയ രീതിയും പുന:പരി

ശോധിക്കാനോ ഭേദഗതിചെയ്യാനോ വിതരണലൈസൻസിയോട് ആവശ്യപ്പെടാവുന്നതാണ്.

(3) വിതരണലൈസൻസി,-

(എ) അതിന്റെ ഉപഭോക്തൃ അവകാശപ്രസ്താവനയുടെ നിലനിൽപ്പും അതിന്റെ ഓരോ പ്രധാനപ്പെട്ട പരിഷ്കരണവും അങ്ങനെയുള്ള ഉപഭോക്തൃ അവകാശപ്രസ്താവനയുടെ ഏറ്റവുംപുതിയരൂപത്തിലുള്ള ഒരു പകർപ്പ് അവർക്ക് എങ്ങനെ പരിശോധിക്കാം അല്ലെങ്കിൽ നേടാം എന്നിവയിലേക്ക് ഉപഭോക്താക്കളുടെ ശ്രദ്ധക്ഷണിക്കേണ്ടതാണ്;

(ബി) അതിന്റെ അതതു സമയം പുതുക്കിയ ഉപഭോക്തൃ അവകാശപ്രസ്താവനയുടെ ഒരു പകർപ്പ് അതിന്റെ ഓഫീസുകളിൽ സാധാരണ പ്രവൃത്തിസമയത്ത് പൊതുജനത്തിനു പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്; കൂടാതെ

(സി) അതതു സമയം പുതുക്കിയ ഉപഭോക്തൃ അവകാശപ്രസ്താവനയുടെ ഒരു പകർപ്പ് അത് സേവനം നൽകേണ്ടതായ എല്ലാ പുതിയ ഉപഭോക്താക്കൾക്കും അതാവശ്യപ്പെടുന്ന മറ്റേതൊരാളിനും അത് പകർപ്പാക്കുന്നതിനുള്ള ന്യായമായ ചെലവിൽകവിയാത്ത ഒരു വിലയ്ക്ക് നൽകേണ്ടതാണ്.

***27. ഉപഭോക്താവിന്റെ വിവരാവകാശം.***- (1) ഒരു ലൈസൻസി, ഉപഭോക്താവിന്റെ അപേക്ഷയിന്മേൽ, ലൈസൻസിക്ക് ന്യായമായി ലഭ്യമാകുന്ന അളവിൽ:

(എ) ലൈസൻസി നൽകുന്ന എല്ലാ സേവനങ്ങളുംസംബന്ധിച്ച വിവരം, ഉപഭോക്താക്കൾക്കു ലഭ്യമായേക്കാവുന്ന ചാർജുകൾ അല്ലെങ്കിൽ മറ്റു താരിഫ്സ്കീമുകൾസംബന്ധിച്ച വിവരം ഉൾപ്പെടെ;

(ബി) ലൈസൻസി ഉപഭോക്തൃ പരിസരങ്ങളിൽ നൽകുന്ന വൈദ്യുതി സേവനങ്ങൾക്കുള്ള മീറ്റർറീഡിങ്ങുകൾസംബന്ധിച്ച വിവരം;

(സി) ലൈസൻസിയുമായി ബന്ധപ്പെട്ട് ഉപഭോക്താവിന്റെ ലെഡ്ജർ അക്കൗണ്ടിന്റെ സ്ഥിതിസംബന്ധിച്ച വിവരം

എന്നിവ നൽകേണ്ടതാണ്.

(2) ഒരു ലൈസൻസിക്ക്, ആവശ്യപ്പെട്ട വിവരം പൊതുസ്വഭാവമുള്ളതല്ലാത്ത പക്ഷം അങ്ങനെയുള്ള വിവരം നൽകുന്നതിനുവേണ്ടി ന്യായമായ ചെലവ് ഈടാക്കാവുന്നതാണ്.

*28. കണക്ഷനും സംവിധാനത്തിന്റെ ഉപയോഗവും.*- വിതരണലൈസൻസി, അയാളുടെ വിതരണസംവിധാനം ഉപയോക്താക്കൾ ഉപയോഗിക്കുന്നതിന് തുറന്ന പ്രവേശനത്തിനുള്ള അത്തരം ക്രമീകരണങ്ങൾ, എങ്ങനെയായാലും മതിയായ വിതരണശേഷിയുടെ ലഭ്യതക്കു വിധേയമായി, നടത്തേണ്ടതാണ്. വിതരണലൈസൻസി, സംവിധാനത്തിൽ മതിയായ ശേഷി നൽകാൻ എല്ലായ്പ്പോഴും യത്നിക്കേണ്ടതാണ്.

*29. അധികാര ദുർവിനിയോഗം.*- ലൈസൻസി, ഏതൊരു സാഹചര്യത്തിലും വൈദ്യുതിവ്യവസായത്തിലെ മത്സരത്തിൽ വിപരീതഫലമുണ്ടാകാൻ സാധ്യതയുള്ളതോ കാരണമാക്കുന്നതോ ആയ ഏതെങ്കിലും കരാറിലേർപ്പെടുകയോ അതിന്റെ ആധിപത്യസ്ഥാനം ദുരുപയോഗംചെയ്യുകയോ ഒരു കൂട്ടുകെട്ടിലേർപ്പെടുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

*30. ലൈസൻസിലെ നിബന്ധനകളുടെ ലംഘനത്തിനുള്ള ശിക്ഷ.*- ലൈസൻസി, ഈ ലൈസൻസിലെ ഏതെങ്കിലും ഒന്നോ അതിലധികമോ വ്യവസ്ഥകൾ ലംഘിക്കുന്നതിന് ഉചിതമായ സംഗതികളിൽ ആക്റ്റിലെ 142, 146 എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടിക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

*31. പിൻവലിക്കാനുള്ള വ്യവസ്ഥകൾ.*- കമ്മീഷന്, ആക്റ്റിലെ 19-ാം വകുപ്പിലെ ആവശ്യകതകൾ പാലിച്ചതിനുശേഷം ഏതുസമയത്തും ലൈസൻസിക്കുള്ള 3 മാസത്തെ ലിഖിതമായ നോട്ടീസുവഴി ഈ ലൈസൻസ് പിൻവലിക്കാവുന്നതാണ്. ആക്റ്റിലെ 19-ാംവകുപ്പ് (1)-ാംഉപവകുപ്പ് (ബി) ഖണ്ഡത്തിലെ ആവശ്യത്തിലേക്കായി ഈ ലൈസൻസിലെ 4 മുതൽ 32 വരെയുള്ള ഏതെങ്കിലും നിബന്ധനകളുടെ ലംഘനം ലൈസൻസ് പിൻവലിക്കാൻ ബാദ്ധ്യസ്ഥമാക്കുന്നതാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

*32. പലവക.*- ഈ ലൈസൻസുമായും അതിന്റെ ഉപാധികളും നിബന്ധനകളുമായും ബന്ധപ്പെട്ട വ്യാഖ്യാനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളും കമ്മീഷന്റെ തീരുമാനത്തിനുള്ള ഒരു വിഷയമായിരിക്കുന്നതും അങ്ങനെയുള്ള പ്രശ്നങ്ങളിന്മേലുള്ള കമ്മീഷന്റെ തീരുമാനം ആക്റ്റിലെ 111 -ാം വകുപ്പുപ്രകാരമുള്ള അപ്പീലവകാശത്തിനുമാത്രം വിധേയമായി അന്തിമമായിരിക്കുന്നതുമാണ്.

## ഭാഗം V

## പ്രത്യേക നിബന്ധനകൾ

*33. പ്രവർത്തനപരമായ നിയന്ത്രണം വിട്ടുകൊടുക്കൽ.*- ലൈസൻസിയെ സംബന്ധിച്ച് 13-ാംഖണ്ഡപ്രകാരം പ്രവർത്തനപരമായ നിയന്ത്രണം വിട്ടുകൊടുക്കുന്നതിന്

മുൻകൂർനോട്ടീസ് ആവശ്യമുള്ള ആസ്തിയുടെ മൂല്യം 25 ലക്ഷം രൂപയിൽ കുറയാൻ പാടില്ലാത്തതാണ്.

***34. ലൈസൻസ് ഫീസ്.-*** [12][ലൈസൻസി, മുൻസാമ്പത്തികവർഷത്തെ പവർ വിൽപ്പനയിൽനിന്നുള്ള വരുമാനത്തിന്റെ 0.03% നിരക്കിൽ (പുതുക്കുന്നതിനു വിധേയമായി) കമ്മീഷന് ലൈസൻസ് ഫീസ് ഓരോ വർഷവും നൽകേണ്ടതാണ്.]

---

*12 '' ലൈസൻസി, മുൻവർഷത്തെ സാക്ഷ്യപ്പെടുത്തിയ ധനകാര്യ സ്റ്റേറ്റ്മെന്റിൽ പ്രസ്താവിച്ചിട്ടുള്ള പവർവിൽപ്പനയിൽനിന്നുള്ള വരുമാനത്തിന്റെ 0.03% നിരക്കിൽ (പുതുക്കുന്നതിനു വിധേയമായി) കമ്മീഷന് ലൈസൻസ് ഫീസ് ഓരോ വർഷവും നൽകേണ്ടതാണ്'' എന്ന ഖണ്ഡത്തിനു പകരം ''അവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്'' എന്ന പ്രാരംഭ ഖണ്ഡത്തോടുകൂടി 16.12.2009 തീയതിയിലെ നം. കെഎസ്ഇആർസി/II/റഗുലേഷൻ/2009 വിജ്ഞാപനപ്രകാരം 23.12.2009 തീയതിയിലെ കേരള അസാധാരണ ഗസറ്റ് നം. 2429 – ൽ പ്രസിദ്ധപ്പെടുത്തിയ 2009-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (നിലവിലുള്ള വിതരണ ലൈസൻസികൾക്കുള്ള ലൈസൻസിന്റെ നിബന്ധനകൾ) ഒന്നാം ഭേദഗതി റഗുലേഷനുകളിലെ 2(ii)-ാംഖണ്ഡം മുഖേന ചേർത്തത്.*

(ശരിത്തർജ്ജമ)

കുറിപ്പ്: ഈ മലയാള പരിഭാഷയും 2006 ഫെബ്രുവരി 28-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റ് നം. 471-ൽ 2006 ഫെബ്രുവരി 23-ാം തീയതിയിലെ നം. 1/1/കെഇആർസി - 2006/XI വിജ്ഞാപനപ്രകാരം പ്രസിദ്ധപ്പെടുത്തിയ ഇംഗ്ളീഷിലുള്ള Kerala State Electricity Regulatory Commission (Conditions of License for Existing Distribution Licensees) Regulations, 2006 - ഉം തമ്മിൽ വ്യത്യസ്ത വ്യാഖ്യാനങ്ങൾക്ക് കാരണമാകുന്നപക്ഷം പരാമർശിച്ച ഇംഗ്ളീഷിലുള്ള റഗുലേഷനുകൾ ആധികാരിക പാഠമായി കരുതപ്പെടേണ്ടതാണ്.